وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 11 ലക്കം 42

ബദർ
വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

പാവന ചിഹ്നങ്ങൾ

وَمَنۡ یُّعَظِّمۡ شَعَآئِرَ اللّٰہِ فَاِنَّہَا مِنۡ تَقۡوَی الۡقُلُوۡبِ ﴿۳۳﴾ لَکُمۡ فِیۡہَا مَنَافِعُ اِلٰۤی اَجَلٍ مُّسَمًّی ثُمَّ مَحِلُّہَاۤ اِلَی الۡبَیۡتِ الۡعَتِیۡقِ ﴿۳۴﴾ (الحج :34-33)

വല്ലവനും അല്ലാഹുവിന്റെ പാവനചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ ഭക്തിയിൽപെട്ടതാണ്. നിങ്ങൾക്ക് അവയിൽ [ബലിമൃഗങ്ങളിൽ] ഒരു നിശ്ചിത അവധിവരെ പലതരത്തിലുള്ള പ്രയോജനങ്ങളുമുണ്ട്. പിന്നെ, അവയുടെ ബലിസ്ഥലം പുരാതന ഭവനത്തിന്റെ അടുത്തുമാണ്.



ഹദീസ് :

മക്ക : പുണ്യനഗരം

عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَوْمَ افْتَتَحَ مَكَّةَ: لاَ هِجْرَةَ، وَلَكِنْ جِهَادٌ وَنِيَّةٌ، وَإِذَا اسْتُنْفِرْتُمْ فَانْفِرُوا، فَإِنَّ هَذَا بَلَدٌ حَرَّمَ اللَّهُ يَوْمَ خَلَقَ السَّمَوَاتِ وَالْأَرْضَ، وَهُوَ حَرَامٌ بِحُرْمَةِ اللَّهِ إِلَى يَوْمِ الْقِيَامَةِ، وَإِنَّهُ لَمْ يَحِلَّ الْقِتَالُ فِيهِ لِأَحَدٍ قَبْلِي، وَلَمْ يَحِلَّ لِي إِلَّا سَاعَةً مِنْ نَهَارٍ، فَهُوَ حَرَامٌ بِحُرْمَةِ اللَّهِ إِلَى يَوْمِ الْقِيَامَةِ، لاَ يُعْضَدُ شَوْكُهُ، وَلاَ يُنَفَّرُ صَيْدُهُ، وَلاَ يَلْتَقِطُ لُقَطَتَهُ إِلَّا مَنْ عَرَّفَهَا وَلاَ يُخْتَلَى خَلاَهَا"، قَالَ الْعَبَّاسُ: يَا رَسُولَ اللَّهِ ، إِلَّا الْإِذْخِرَ فَإِنَّهُ لِقَيْنِهِمْ وَلِبُيُوتِهِمْ، قَالَ: قَالَ: إِلَّا الْإِذْخِرَ

(صحيح البخاري/كتاب جزاء الصيد/حديث: 1834) .

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: മക്കാ വിജയം നടന്ന ദിവസം തിരുനബി (സ) അരുളി: 'ഇനി ഹിജ്റയില്ല, മറിച്ച് സദുദ്ദേശ്യവും ജിഹാദും നിലനിൽക്കുന്നു. ജിഹാദിനായി പുറപ്പെടാൻ ആവശ്യപ്പെട്ടാൽ നിങ്ങൾ പുറപ്പെടുക. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം തന്നെ അല്ലാഹു ഈ നഗരത്തിന് (മക്ക

ശേഷം പേജ് 10ൽ

عَنْ عَابِسِ بْنِ رَبِيعَةَ، عَنْ عُمَرَ رَضِيَ اللَّهُ عَنْهُ، أَنَّهُ جَاءَ إِلَى الْحَجَرِ الْأَسْوَدِ فَقَبَّلَهُ، فَقَالَ: إِنِّي أَعْلَمُ أَنَّكَ حَجَرٌ لَا تَضُرُّ وَلَا تَنْفَعُ، وَلَوْلَا أَنِّي رَأَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُقَبِّلُكَ مَا قَبَّلْتُكَ [صحيح البخاري/كتاب الحج/حديث:1597]

ഹദ്റത്ത് ആബിസ് ബിൻ റബീഅ(റ)യിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് (റ) ഹജറുൽ അസ്വദിന്റെ അരികിൽ വന്ന് അതിനെ ചുംബിച്ചുകൊണ്ട് പറഞ്ഞു: 'നീ ഉപദ്രവിക്കുകയോ ഉപകാരം ചെയ്യുകയോ ചെയ്യാത്ത ഒരു വെറും കല്ല് മാത്രമാണെന്ന് എനിക്ക് നന്നായി അറിയാം. തിരുനബി (സ) നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിരുന്നില്ലെങ്കിൽ ഞാൻ ഒരിക്കലും നിന്നെ ചുംബിക്കുമായിരുന്നില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഹജ്ജ്, ഹദീസ്: 1597)



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

ഹജ്ജിൽ ചെയ്യാനുള്ള പ്രാർത്ഥന

1886ൽ ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ്(റ) ഹജ്ജിനായി ബൈതുല്ലാഹിന്റെ സന്ദർശനത്തിന് പോകാനൊരുങ്ങിയപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അദ്ദേഹത്തിന് ഒരു കത്തിൽ ഇപ്രകാരം എഴുതി:

''ഈ അശക്തനും അയോഗ്യനുമായ ദാസന്റെ ഒരു വിനീതമായ അപേക്ഷ ഓർക്കണം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ താങ്കൾ ബൈതുല്ലാഹിന്റെ സിയാറത്ത് നിർവഹിക്കാനുള്ള ഭാഗ്യം ലഭിക്കുമ്പോൾ, ആ അനുഗ്രഹീതമായ മഖാമെ മഹ്മൂദിൽ, അല്ലാഹുവിന്റെ ഈ വിനീത ദാസന്റെ ഭാഗത്തുനിന്ന്, ദൈന്യതയുടെയും ദാരിദ്ര്യത്തിന്റെയും കൈകൾ ഹൃദയപൂർവ്വം ഉയർത്തി, താഴെ പറയുന്ന വാക്കുകളിൽ ദു:ആ ചെയ്യണം:

'അല്ലയോ അർഹമുർറാഹിമീൻ! ഇന്ത്യാ രാജ്യമായ നിന്റെ ഭൂമിയിൽ കഴിയുന്ന, നിന്റെ ഒരു അശക്തനും അയോഗ്യനും പാപഭരിതനും അനർഹനുമായ ഗുലാം അഹ്മദ് എന്ന ദാസന്റെ അപേക്ഷയാണിത്.

അല്ലയോ അർഹമുർറാഹിമീൻ! നീ എന്നിൽ പ്രസാദിക്കണമേ. എന്റെ തെറ്റുകളും പാപങ്ങളും ക്ഷമിക്കണമേ. നീ തന്നെയാണ് ഗഫൂറും റഹീമും. നീ എന്നിൽ ഏറ്റവും അധികം പ്രസാദിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യാനുള്ള തൗഫീഖ് എനിക്ക് നൽകണമേ.

എന്നെയും എന്റെ നഫ്സിനെയും തമ്മിൽ കിഴക്കും പടിഞ്ഞാറും പോലെ അകലം സൃഷ്ടിക്കേണമേ, എന്റെ ജീവിതവും മരണവും, എന്റെ എല്ലാ കഴിവുകളും എനിക്ക്

ശേഷം പേജ് 10 ൽ



തഫ്സീർ: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)

നമസ്കാരം ദുഷ്കർമങ്ങളെ അകറ്റുന്നു

وَالۡبُدۡنَ جَعَلۡنٰہَا لَکُمۡ مِّنۡ شَعَآئِرِ اللّٰہِ (സൂറ: അൻകബൂത്ത് :)

''ബലിയർപ്പിക്കുന്ന മൃഗങ്ങളെ നാം നിങ്ങൾക്കായി അല്ലാഹുവിന്റെ അടയാളങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.''

അല്ലാഹു പറയുന്നു: ബലിമൃഗങ്ങളെ അല്ലാഹുവിന്റെ ശആഇറുകളിൽ (മതചിഹ്നങ്ങളിൽ) ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് അവരോട് പറയുക. കാരണം, അവ മനുഷ്യനെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്നു. അവ മുഖേന മതപരവും ഭൗതികവുമായ നന്മകൾ ലഭിക്കുകയും ചെയ്യുന്നു.

അതിനാൽ, ബലിയുടെ ദിവസങ്ങളിൽ, ബലിമൃഗങ്ങളെ വരിവരിയായി നിർത്തി അവയുടെ മേൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. അങ്ങനെ അവ അല്ലാഹുവിന്റെ ദാസന്മാർക്ക് പ്രയോജനകരമാകട്ടെ. അവയെ അറുത്ത് അവയുടെ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ, നിങ്ങൾ സ്വയം അവയുടെ മാംസം ഭക്ഷിക്കുകയും, ക്ഷമയോടെ കഴിയുന്ന ദരിദ്രരെയും സഹായം ആവശ്യമായ ദരിദ്രരെയും അതിൽനിന്ന് ഭക്ഷിപ്പിക്കുകയും ചെയ്യുക.

ഈ സമ്പത്തെല്ലാം നാം നിങ്ങൾക്ക് നൽകിയിരിക്കുന്നത്, അത് ദരിദ്രർക്കായി ചെലവഴിച്ച് അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിക്കാനാണ്.

ഈ സൂക്തങ്ങളിൽ, ബൈതുല്ലാഹിന്റെ ഹജ്ജിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ബലികളുടെ പ്രാധാന്യത്തിലേക്ക് അല്ലാഹു ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഈ ബലികൾ ശആഇറുല്ലാഹ് – അല്ലാഹുവിന്റെ മതചിഹ്നങ്ങളിൽ ഉൾപ്പെടുന്നതാണെന്നും, ഈ ബലികളിൽ അല്ലാഹു നിങ്ങൾക്കായി വലിയ അനുഗ്രഹം ഒരുക്കി വെച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിരിക്കുന്നു. (തഫ്സീർ കബീർ, വാള്യം 6, പേജ് 53–54)

അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയൂരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്, ഖാദിയാൻ

ബൈഅത്ത് നിബന്ധനകൾ അനുസരിച്ച് ജീവിക്കുക!

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ അയ്യദഹുല്ലാഹ് യു.കെ ജൽസാ സാലാനയിൽ ചെയ്ത സമാപന പ്രഭാഷണത്തിന്റെ സംഗ്രഹം.

അല്ലാഹു നമ്മോട് ദയ കാണിച്ച്, തിരുനബി(സ)യുടെ സത്യസന്ധനായ ദാസനായ മസിഹ് വ മഹ്ദിയെ ഇസ്ലാമിന്റെ അധ്യാപനങ്ങൾ ലോകത്ത് വ്യാപിപ്പിക്കുന്നതിനായി അയച്ച ഈ കാലഘട്ടത്തിൽ നമ്മെ ജനിക്കുമാറാക്കിയിരിക്കുന്നു. വരാനിരിക്കുന്ന ഈ മസീഹ് വ മഹ്ദി തന്റെ പരിശ്രമങ്ങളിലൂടെ ഒരു പരിശുദ്ധ സമൂഹത്തെ വാർത്തെടുക്കേണ്ടതുണ്ടായിരുന്നു; ആ സമൂഹത്തിലെ ഓരോ വ്യക്തിയും പരിപൂർണ്ണ ഏകദൈവവിശ്വാസിയും (മുഅ്ഹിദ്) ശിർക്കിന്റെ ഉൻമൂലനത്തിനായി തന്റെ വ്യക്തിജീവിതത്തിൽ പരിശ്രമിക്കുന്നവനും, ലോകത്തെ ഏക ദൈവത്തിന്റെ പതാകയ്ക്ക് കീഴിൽ കൊണ്ടുവരാൻ പ്രയത്നിക്കുന്നവനുമായിരിക്കണം.

അതിനാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ലക്ഷ്യത്തിനായി ഒരു പരിശുദ്ധ ജമാഅത്ത് സ്ഥാപിക്കുകയും, പത്ത് നിബന്ധനകളുടെ അടിസ്ഥാനത്തിൽ തന്റെ അനുയായികളിൽ നിന്ന് ബൈഅത്ത് (പ്രതിജ്ഞ) സ്വീകരിക്കുകയും ചെയ്തു. നാം ജമാഅത്തിൽ പ്രവേശിക്കുമ്പോൾ ആവർത്തിക്കുന്ന ബൈഅത്തിന്റെ വരികൾ ഇവയാണ്:

താൻ കബറടക്കപ്പെടുന്നത് വരെ ശിർക്കിന്റെ അരികിലേക്ക് പോലും പോകുകയില്ലെന്ന വ്യവസ്ഥയിലാണ് അദ്ദഹം ബൈഅത്ത് എടുത്തത്. കള്ളം പറയുക, വ്യഭിചാരം, ദുർദൃഷ്ടി, അധർമ്മവും തിന്മയും, അക്രമം, വഞ്ചന, കുഴപ്പം, അനുസരണക്കേട് എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കും. വൈകാരികാവേശങ്ങളുടെ സമയത്ത് അവയ്ക്ക് അടിമപ്പെടുകയില്ല. ആത്മീയതയിൽ പുരോഗതി പ്രാപിക്കുന്നതിനായി അഞ്ച് നേരത്തെ നിസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നതോടൊപ്പം تہجد (തഹജ്ജുദ്) നിസ്കാരം നിർവഹിക്കാനും ശ്രമിക്കും. തിരുനബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലുകയും, ദിവസേന തന്റെ പാപങ്ങൾക്കായി പൊറുക്കലിനെ തേടുകയും ചെയ്യും. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർക്കുകയും അവനെ സ്തുതിക്കുകയും ചെയ്യും. അല്ലാഹുവിന്റെ സൃഷ്ടികളെ പൊതുവിലും മുസ്ലിംകളെ പ്രത്യേകിച്ചും വൈകാരികാവേശങ്ങൾ കാരണം യാതൊരുവിധത്തിലും വേദനിപ്പിക്കുകയില്ല. ദുരാചാരങ്ങളിൽ നിന്നും ദേഹേഛകളിൽ നിന്നും വിട്ടുനിൽക്കും. അഹങ്കാരത്തിൽ നിന്ന് അകന്നുനിൽക്കും; വിനയം, നല്ല സ്വഭാവം, ലാളിത്യം, എളിമ എന്നിവ കൈക്കൊള്ളും; മതത്തിന്റെ അന്തസ്സും ഇസ്ലാമിന്റെ നന്മയും എന്റെ ജീവനേക്കാളും സ്വത്തിനേക്കാളും അഭിമാനത്തേക്കാളും സന്താനങ്ങളേക്കാളും വിലമതിക്കും. ഹദ്റത്ത് മസിഹ് മൗഊദ്(അ) എടുക്കുന്ന ഏത് തീരുമാനവും പൂർണ്ണമനസ്സോടെ അനുസരിക്കും.

അല്ലാഹുവിന്റെ വാഗ്ദാനങ്ങൾക്കനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ വേണ്ടിയുള്ളതായതുകൊണ്ട് ഇവിടെ ഖിലാഫത്തിന്റെ പൂർണ്ണമായ അനുസരണവുമുണ്ട്.

ഈ വിഷയം ഞാൻ മുമ്പും വ്യക്തമാക്കിയിട്ടുണ്ടെന്നും അവ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. എങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇന്നും ഞാൻ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ വിശദീകരിക്കാം.

ആദ്യത്തെ ബൈഅത്ത് ശർത്തിൽ (നിബന്ധനയിൽ) ശിർക്കിൽ നിന്ന് അകന്നുനിൽക്കണമെന്നാണ് പരാമർശിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: മനുഷ്യസൃഷ്ടിപ്പിന്റെ അടിസ്ഥാന ലക്ഷ്യവും ഉദ്ദേശ്യവും അവൻ ദൈവത്തിന്റേതായി മാറണമെന്നുള്ളതാണ്... പാപങ്ങൾ അനവധിയാണെങ്കിലും, അവയ്ക്ക് ധാരാളം ശാഖകളും ഉപശാഖകളും ഉണ്ടെങ്കിലും, ഏറ്റവും വലിയ പാപം ശിർക്കാണ്... നിർഭാഗ്യവാനായ മനുഷ്യൻ ഈ (ശിർക്കിൽ) എത്രത്തോളം ആണ്ടുപോകുന്നുവോ, അത്രത്തോളം അവൻ തന്റെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് അകന്നുപോകുന്നു. ഒടുവിൽ താഴേക്ക് പതിച്ച്, ദുരിതങ്ങളും പ്രയാസങ്ങളും എല്ലാത്തരം ബുദ്ധിമുട്ടുകളും ദു:ഖങ്ങളും നിറഞ്ഞ, 'നരകം' എന്ന് വിളിക്കപ്പെടുന്ന അധ:പതിച്ച ഒരു സ്ഥലത്ത് അവൻ ചെന്നുവീഴുന്നു.

തിരുനബി(സ)യും ബൈഅത്ത് സ്വീകരിക്കുമ്പോൾ ശിർക്കിൽ നിന്ന് പൂർണ്ണമായും വിട്ടുനിൽക്കാനാണ് ബൈഅത്ത് എടുത്തിരുന്നത്. അതിനാൽ, നമ്മുടെ ബൈഅത്തിന്റെ പ്രതിജ്ഞയിൽ നിന്ന് നമ്മെ അകറ്റുന്ന യാതൊരു പ്രവൃത്തിയും നമ്മിൽ നിന്ന് ഉണ്ടാകാതിരിക്കാൻ നാം എപ്പോഴും ശ്രദ്ധിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: എല്ലാത്തരം ശിർക്കുകളിൽ നിന്നും വിട്ടുനിൽക്കുക; സൂര്യനോ ചന്ദ്രനോ ആകാശത്തിലെ നക്ഷത്രങ്ങളോ കാറ്റോ തീയോ വെള്ളമോ ഭൂമിയിലെ മറ്റ് വസ്തുക്കളോ ആരാധ്യവസ്തുക്കളായി സ്വീകരിക്കരുത്; ലോകത്തിലെ കാരണങ്ങൾക്ക് അവ ദൈവത്തിന്റെ പങ്കാളികളാണെന്ന മട്ടിൽ യാതൊരു ആദരവും നൽകുകയും അവയിൽ ഭരമേൽപ്പിക്കുകയും ചെയ്യരുത്; തങ്ങളുടെ സ്വന്തം കഴിവുകളെയും പരിശ്രമങ്ങളെയും വലുതായി കാണരുത് അതും ശിർക്കിന്റെ ഇനങ്ങളിൽ പെട്ടതാണ്.

ശിർക്കിന്റെ നിരാകരണവുമായി ബന്ധപ്പെട്ട് സൂറത്തുൽ ഇഖ്ലാസിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: ഇതൊരു ചെറിയ സൂറത്താണ്, എന്നാൽ ഇത് അതിമനോഹരമായ രീതിയിൽ മനുഷ്യനെ എല്ലാത്തരം ശിർക്കുകളിൽ നിന്നും അകറ്റുകയും അല്ലാഹുവിന്റെ പരിശുദ്ധി വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു.

തിരുനബി(സ)യുടെ പുത്രൻ ഹദ്റത്ത് ഇബ്രാഹിം വഫാത്തായ ദിവസം സൂര്യഗ്രഹണം ഉണ്ടായപ്പോൾ, ഹദ്റത്ത് ഇബ്രാഹിമിന്റെ വഫാത്ത് കാരണമാണ് ഗ്രഹണം സംഭവിച്ചതെന്ന് ആളുകൾ പറഞ്ഞു. എന്നാൽ തിരുനബി(സ) അരുളി: തീർച്ചയായും സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്; അവയൊന്നും ആരുടെയെങ്കിലും ജീവിതം കാരണമോ മരണം കാരണമോ ഗ്രഹണത്തിനിരയാവുകയില്ല.

ഒരിടത്ത് അദ്ദഹം പ്രസ്താവിച്ചു: ശിർക്ക് മൂന്ന് വിധത്തിലുണ്ട്: ഒന്നാമത്തേത് സാധാരണയായുള്ള വിഗ്രഹാരാധനയാണ്. രണ്ടാമത്തെ ഇനം, ഭൗതിക കാരണങ്ങളിൽ (അസ്ബാബ്) അതിരു കവിഞ്ഞ് ഭരമേൽപ്പിക്കുക എന്നതാണ്. ശിർക്കിന്റെ മൂന്നാമത്തെ ഇനം, അല്ലാഹുവിന്റെ അസ്തിത്വത്തിന് മുന്നിൽ സ്വന്തം അസ്തിത്വത്തെയും എന്തെങ്കിലുമായി കണക്കാക്കുക എന്നതാണ്.

ഭൗതിക പുരോഗതിയുടെ ഈ കാലഘട്ടത്തിൽ 'ശിർക്ക് ഫിൽ അസ്ബാബ്' (കാരണങ്ങളിൽ പങ്കുചേർക്കൽ) വളരെ വർദ്ധിച്ചിട്ടുണ്ട്.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നത് തൗഹീദിന്റെ കലിമയാണെന്ന് അദ്ദഹം പ്രസ്താവിച്ചു. അതിന്റെ അർത്ഥം അല്ലാഹുവിനല്ലാതെ മറ്റാർക്കും ആരാധനയ്ക്കും യഥാർത്ഥ അനുസരണത്തിനും അർഹതയില്ല എന്നാണ്. തിരുനബി (സ) ആ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവത്തിൽ നിന്ന് സ്വീകരിച്ച് ജനങ്ങളിലേക്ക് എത്തിച്ചുകൊടുത്ത വ്യക്തിയാണ്; അവിടുത്തെ മാർഗ്ഗത്തിലൂടെയാണ് അവിടുന്ന് നൽകിയ സന്ദേശങ്ങൾ വന്നെത്തുന്നത്.

നാം ഏതൊരു കാര്യം ചെയ്യുമ്പോഴും ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും, ആ വാക്ക് നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നതും പിശാചിന്റെ അടുക്കലേക്ക് അടുപ്പിക്കുന്നതുമാകരുതെന്ന് എപ്പോഴും നമുക്ക് ഓർമ്മയുണ്ടായിരിക്കണം.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് വിജയങ്ങൾ നൽകുമെന്നും അത് തീർച്ചയായും നൽകുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്; എന്നാൽ ആ വിജയങ്ങളുടെ പങ്കാളികളാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മൾ നിഷ്കളങ്കരായി അല്ലാഹുവിന്റെ തൗഹീദ് പ്രഖ്യാപിക്കുന്നവരായി മാറേണ്ടതുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പ്രസ്താവിച്ചു: അല്ലയോ അഹ്മദി സമൂഹമേ! അല്ലാഹു നമ്മുടെ സ്വന്തക്കരനൊന്നുമല്ല. ശിർക്കിൽ നിന്ന് വിട്ടുനിൽക്കുക, ആരാധന നിർവഹിക്കുക; അങ്ങനെ അല്ലാഹു നിങ്ങളുടെ സംരക്ഷകനായിത്തീരും. നോക്കൂ! നൂഹ്(അ)ന്റെ മകന്റെ കാര്യത്തിൽ പോലും അല്ലാഹു പരിഗണന നൽകിയില്ല. ആകയാൽ, ഒരു അഹ്മദിയാകാൻ യോഗ്യനാണെന്ന് തെളിയിക്കുന്ന വിധം നിങ്ങൾ പ്രവർത്തിക്കുക. ഹദ്റത്ത് ലുഖ്മാൻ(അ) തന്റെ മകനെയും സൂക്ഷ്മമായ ശിർക്കിൽ (ശിർക്കെ ഖഫി) നിന്ന് അകന്നുനിൽക്കാൻ ഉപദേശിക്കുകയുണ്ടായി.

പൊതുമുസ്ലിംകൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് വാചക കസർത്ത് നടത്തുന്നുണ്ടെങ്കിലും ശിർക്കിന്റെ വിവിധ രൂപങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്.

ശിർക്കിന്റെ ഒരു രൂപമാണ് കള്ളം പറയുക എന്നത്.

ഇന്നത്തെ കാലത്ത് ആളുകൾ കരുതുന്നത് കള്ളം പറയാതെ ജീവിതത്തിൽ മുന്നോട്ടു പോകാനാവില്ലെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പോസ്റ്റ് ഓഫീസ് കേസിന്റെ ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് ഹുദൂർ അൻവർ പറഞ്ഞു: സത്യം പറഞ്ഞുകൊണ്ട് രക്ഷപ്പെടാൻ സാധിക്കില്ലെന്നാണ് ആളുകൾ കരുതുന്നത്, എന്നാൽ താൻ സത്യം പറയുകയും അല്ലാഹു തന്നെ രക്ഷപ്പെടുത്തുകയും ചെയ്തു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കിയിട്ടുണ്ട്.

ഇക്കാലത്ത് കള്ളം പറയപ്പെടുന്ന നിരവധി സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്, അതിൽ നിന്ന് നാം വിട്ടുനിൽക്കേണ്ടതുണ്ട്. പരിശോധിച്ചാൽ മനസ്സിലാകും, കള്ളം എന്നത് സ്വാഭാവിക പ്രകൃതിക്ക് എതിരായ ഒന്നാണ്. എന്നാൽ ഇന്നത്തെ ലോകത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങൾ വ്യക്തമാക്കുന്നത് ഏതെല്ലാം രീതിയിലാണ് കള്ളങ്ങൾ പ്രചരിപ്പിക്കപ്പെടുന്നത് എന്നാണ്; രാജ്യങ്ങൾക്കുമേൽ രാജ്യങ്ങൾ ഒന്നിച്ചുകൂടി മറ്റുള്ളവർക്കെതിരെ കള്ളങ്ങളുടെ അടിസ്ഥാനത്തിൽ ആക്രമണം അഴിച്ചുവിടുന്നു. അതിനാൽ, നാം നമ്മുടെ ബൈഅത്തിന്റെ അവകാശം വീട്ടുകയും ലോകത്ത് വിപ്ലവം സൃഷ്ടിക്കുകയും ചെയ്യണമെങ്കിൽ, കള്ളത്തിനെതിരെ ജിഹാദ് ചെയ്യുക എന്നത് അഹ്മദികളുടെ കടമയാണ്.

ശേഷം പേജ് 10 ൽ

ഖുത്ബ ജുമുഅ

2026 ആഗസ്റ്റ് 28/ 1405 സുഹൂർ 28
മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

ഹദ്റത്ത് മസീഹ്മൗഊദ്(അ)ന് തന്റെ സഹാബിമാരോടുള്ള നന്ദി

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ايده الله تعالىٰ بنصره العزيز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ലോകമെമ്പാടും തിരുനബി ﷺയുടെ പതാക ഉയർത്തുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നടത്തിയ പരിശ്രമങ്ങൾ സുവ്യക്തമാണ്. തന്റെ ദൗത്യം പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും വിധത്തിൽ സഹായിച്ച സഹപ്രവർത്തകരോടും അനുയായികളോടും അദ്ദേഹം അത്യധികം നന്ദിയുള്ളവനുമായിരുന്നു.

1899 ഒക്ടോബർ 4ന് പ്രസിദ്ധീകരിച്ച ഒരു അറിയിപ്പിൽ, ജമാഅത്തിലെ ആത്മാർത്ഥരായ അംഗങ്ങൾ നൽകിയ സാമ്പത്തിക സഹായം രേഖപ്പെടുത്തുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു സംരംഭത്തിന് തുടക്കം കുറിച്ചു. അദ്ദേഹം പറഞ്ഞു:

‘ഇത് അല്ലാഹു തആലയുടെ ഒരു സുന്നത്താണ്. അല്ലാഹുവിന്റെ എല്ലാ പ്രിയദാസന്മാരുടെ സമൂഹത്തിനും അവരുടെ പ്രാരംഭ ഘട്ടത്തിൽ സംഭാവനകളുടെയും സാമ്പത്തിക സഹായങ്ങളുടെയും ആവശ്യം ഉണ്ടാകാറുണ്ട്. നമ്മുടെ നബി മുഹമ്മദ് ﷺ യും പല അവസരങ്ങളിലും സഹാബിമാരിൽ നിന്ന് ചന്ദ (സംഭാവന) ശേഖരിച്ചിട്ടുണ്ട്. അവയിൽ ഹദ്റത്ത് അബൂബക്കർ (റ) ഏറ്റവും മുന്നിലുണ്ടായിരുന്നു. അതിനാൽ ധൈര്യത്തോടെയും ഉറച്ച മനസ്സോടെയും യാതൊരു കാലതാമസവും കൂടാതെ സഹായത്തിനായി മുന്നോട്ട് വരേണ്ടതാണ്.’ ആ സമയത്ത് ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാം ലങ്കർഖാനയ്ക്കു വേണ്ടിയുള്ള സാമ്പത്തിക സഹായം അഭ്യർഥിക്കുകയായിരുന്നു. കാരണം, ഇസ്ലാമിനെക്കുറിച്ച് അറിയാനും തന്റെ ദൈവികവാദങ്ങൾ കേൾക്കാനുമായി അതിഥികൾ വരുന്നതിനാൽ ലങ്കർഖാനയ്ക്കും ഒരു പ്രധാന ദൗത്യം നിർവഹിക്കാനുണ്ടായിരുന്നു. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു:

‘എല്ലാവരും തങ്ങളുടെ കഴിവനുസരിച്ച് ലങ്കർ ഖാനയിലേക്ക് സംഭാവന നൽകണം. സാധ്യമെങ്കിൽ, ലങ്കർഖാനയുടെ ഭാരത്തിൽ നിന്ന് നമുക്ക് മോചനം ലഭിക്കാനും നമ്മുടെ ദൗത്യത്തിനായി പൂർണ്ണമായി സമയം വിനിയോഗിക്കാനും കഴിയുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം.’’

അതായത്, ലോകമെമ്പാടും ഇസ്ലാമിന്റെ സന്ദേശവും തിരുനബി ﷺയുടെ സന്ദേശവും പ്രചരിപ്പിക്കുന്ന തന്റെ ദൗത്യത്തിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ ആവശ്യത്തിനായി എത്തുന്ന അതിഥികൾക്കായി പ്രത്യേകം ക്രമീകരണങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. തുടർന്ന് ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാം പറഞ്ഞു:

‘...നമ്മുടെ ദൗത്യത്തിനായി സ്വയം സമർപ്പിക്കാനും അതുവഴി നമ്മുടെ സമയം പ്രതികൂലമായി ബാധിക്കാതിരിക്കാനും (ഇത് സഹായിക്കും). ഇന്ന് നമ്മെ സഹായിക്കുന്നവർ അല്ലാഹുവിന്റെ സഹായം ദർശിക്കും.’’

അദ്ദേഹം തുടർന്ന് പറഞ്ഞു: ‘ഈ സഹായത്തിലും ആത്മ സമർപ്പണത്തിലും ഏറ്റവും മുൻ പന്തിയിൽ നിൽക്കുന്ന വ്യക്തി, അല്ലാഹുവിന്റെ മാർഗത്തിൽ നമ്മുടെ ഏറ്റവും ആത്മാർത്ഥനും പ്രിയങ്കരനുമായ മൗലവി ഹകീം നൂറുദ്ദീൻ സാഹിബാണ് എന്ന് പറയാതിരിക്കാനാവില്ല. അദ്ദേഹം സാമ്പത്തികമായി സഹായിച്ചതു മാത്രമല്ല, ലോകവുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കുകയും ദരിദ്രരുടെ ജീവിതരീതികൾ സ്വീകരിക്കുകയും ചെയ്തു. സ്വന്തം വീടു വിട്ട് ഖാദിയാനിലേക്ക് താമസം മാറ്റിയ അദ്ദേഹം വഫാത്ത് വരെ ഇവിടെ തുടർന്നുകൊണ്ട് സേവനത്തിനായി സന്നദ്ധനാവുകയും ചെയ്തിക്കുന്നു. എനിക്ക് ഇഷ്ടമുണ്ടെങ്കിൽ, ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി അദ്ദേഹത്തെ കിഴക്കോട്ടോ പടിഞ്ഞാട്ടോ അയയ്ക്കാൻ എനിക്ക് കഴിയും.’’

എന്റെ അഭിപ്രായത്തിൽ, ബറാഹീനെ അഹ്മദിയ്യായിൽ കാണുന്ന ഈ വെളിപാടിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന വ്യക്തികൾ ഇവരാണ്:

اَصْحَابُ الصُّفَّةِ وَمَا اَدْرٰىكَ مَا اَصْحَابُ الصُّفَّةِ

‘അസ്ഹാബുസ്സുഫ്ഫ, അസ്ഹാബുസ്സുഫ്ഫ ആരാണെന്ന് നിനക്കറിയാമോ?’’

തുടർന്ന് അദ്ദേഹം പറഞ്ഞു: ‘ഇദ്ദേഹത്തിനു ശേഷം രണ്ടാം സ്ഥാനത്ത് അല്ലാഹുവിന്റെ മാർഗത്തിലെ എന്റെ പ്രിയങ്കരനായ വ്യക്തി സിയാൽക്കോട്ടിലെ മൗലവി അബ്ദുൽകരീം സാഹിബാണ്. ലൗകിക കാര്യങ്ങളിൽ നിന്നും ലോകത്തിലെ പദവികളും സ്ഥാനമാനങ്ങളും നേടാനുള്ള ആഗ്രഹത്തിൽ നിന്നും അകന്നു നിൽക്കാനുള്ള മനോഭാവം അല്ലാഹു സർവശക്തൻ അദ്ദേഹത്തിൽ നേരത്തേ തന്നെ സൃഷ്ടിച്ചിരുന്നു. എന്നാൽ ഇപ്പോൾ അദ്ദേഹം ലൗകികചിന്തകൾ പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്നു. ഈ പടിവാതിൽക്കൽ ഇരുന്നുകൊണ്ട് രാവും പകലും ദീനിന്റെ സേവനത്തിനായി സ്വയം സമർപ്പിച്ചിരിക്കുകയാണ്. തന്റെ ബുദ്ധിയും കഴിവുകളും പരമാവധി ഉപയോഗിച്ചാണ് അദ്ദേഹം സേവനം ചെയ്യുന്നത്.’’

‘ജുമുഅ നമസ്കാരവേളയിൽ വിശുദ്ധ ഖുർആന്റെ അനേകം സത്യങ്ങളും ആഴത്തിലുള്ള ജ്ഞാനങ്ങളും അദ്ദേഹം അവതരിപ്പിക്കുകയും അതുവഴി മുസ്ലിംകൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്യുന്നു.’’

‘അതിനു ശേഷം, മൗലവി ഹകീം നൂറുദ്ദീൻ സാഹിബിന്റെ നാട്ടുകാരനായ ഹകീം ഫസൽദീൻ സാഹിബുമുണ്ട്. അദ്ദേഹവും സമീപത്തു തന്നെ താമസിക്കുകയും ഈ സേവനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു.’’

‘നമ്മുടെ ആത്മാർത്ഥ സുഹൃത്തുക്കളിൽ ഒരാളാണ് ഡോ.ബുഡേ ഖാൻ സാഹിബ്. അദ്ദേഹം ഇപ്പോൾ വഫാത്തായെങ്കിലും, നന്ദിക്ക് കാരണമുണ്ട്; കാരണം നമ്മുടെ ജമാഅത്തിൽ മറ്റു നാല് ആത്മാർത്ഥരായ ഡോക്ടർമാരും ഉണ്ട്: ലാഹോറിലെ ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബ്, കലാനൗറിലെ ഡോ. മിർസാ യാക്കൂബ് ബേഗ് സാഹിബ്, ഡോ. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ഡോ. അബ്ദുൽ ഹകീം ഖാൻ സാഹിബ്.’’

‘ഇതുപോലെതന്നെ, അത്യന്തം ആത്മാർത്ഥരായ ചിലർ ഇവിടെ താമസമാക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ മിർസാ ഖുദാ ബഖ്ശ് സാഹിബും ഉൾപ്പെടുന്നു. അതുപോലെ തന്നെ, സ്വന്തം നാടായ സരസാവയിൽ നിന്ന് ഹിജ്റ ചെയ്ത് ഖാദിയാനിൽ എത്തിയ സാഹിബ് സാദാ സിറാജുൽ ഹഖ് സാഹിബ് സരസാവിയും ഇവരിൽപ്പെടുന്നു. ഇവരെകൂടാതെ മറ്റു പലരുമുണ്ട്. ഈ സകല മാന്യന്മാരുടെയും ഹിജ്റത്ത് അവർക്ക് അനുഗൃഹീതമായിത്തീരട്ടെ എന്ന് നാം പ്രാർഥിക്കുന്നു.’’

‘അതേസമയം, മൗലവി ഹകീം നൂറുദ്ദീൻ സാഹിബ്(റ), നമ്മുടെ ജമാഅത്തിലെ പ്രകാശമാനമായ വിളക്കുകളിൽ ഒരു വിളക്കാണ്. അദ്ദേഹം എല്ലാ ദിവസവും വിശുദ്ധ ഖുർആനും ഹദീസും സംബന്ധിച്ച് പ്രഭാഷണങ്ങൾ നടത്തുകയും, ഖുർആനിലെ അത്യന്തം ഗഹനമായ ഉൾക്കാഴ്ചകളും സത്യങ്ങളും വിശദീകരിക്കുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ സഹായമല്ലെങ്കിൽ പിന്നെ മറ്റെന്താണ്?’’

‘ഹദ്റത്ത് മൗലവി സാഹിബിനും അല്ലാഹുവിന്റെ മാർഗത്തിലെ എന്റെ പ്രിയ സഹോദരനായ മൗലവി അബ്ദുൽകരീം സാഹിബിനും ഖാദിയാനിൽ ജീവിക്കുകയും ഖാദിയാനിൽ തന്നെ വഫാത്താകുകയും ചെയ്യണമെന്ന ആത്മാർത്ഥമായ ആഗ്രഹമുണ്ട്.’’

‘നമ്മുടെ ജമാഅത്തിലെ ആത്മാർത്ഥരായ അംഗങ്ങളിൽ, വ്യാപാരത്തിലും കച്ചവടത്തിലും ഏർപ്പെട്ടിരിക്കുന്നവരിൽ, അല്ലാഹുവിന്റെ മാർഗത്തിലെ എന്റെ പ്രിയസഹോദരനായ മദ്രാസിലെ വ്യാപാരി സേഠ് അബ്ദുർറഹ്മാൻ സാഹിബ് പ്രത്യേകമായി പ്രശംസാർഹനാണ്. ആത്മീയ പ്രതിഫലം നേടുന്നതിനുള്ള അനേകം അവസരങ്ങൾ അദ്ദേഹം സമ്പാദിച്ചിട്ടുണ്ട്.’’

‘വളരെ ദൂരെയാണ് താമസമെങ്കിലും നമ്മോട് വളരെ അടുത്തു തന്നെ ഉള്ള ഉത്സുകനായ ഒരു സ്നേഹിതനാണ് അദ്ദേഹം. നമ്മുടെ ജമാഅത്തിന്റെ ലങ്കർഖാനയെ അദ്ദേഹം വളരെ വലിയ തോതിൽ സഹായിക്കുന്നു. സത്യസന്ധതയും സ്നേഹവും ഉറച്ച വിശ്വാസവും നിറഞ്ഞ അദ്ദേഹത്തിന്റെ നിരന്തര സേവനങ്ങൾ ജമാഅത്തിലെ എല്ലാ സമ്പന്നരായ അംഗങ്ങൾക്കും ഒരു മാതൃകയാണ്. അദ്ദേഹത്തെപ്പോലെയുള്ളവർ വളരെ കുറവാണ്.’’

‘അദ്ദേഹം ഓരോ മാസവും നൂറ് രൂപ വീതം മുടങ്ങാതെ അയക്കുന്നു. ഇതുവരെ, തന്റെ സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും ആവേശത്തിൽ, പല തവണ അഞ്ഞൂറ് രൂപവരെ അയച്ചിട്ടുണ്ട്.’’

(അക്കാലത്ത് ഇത് വലിയൊരു തുകയായിരുന്നു. ദീനിന്റെ പ്രചാരണത്തിനും അതിഥികളുടെ ചെലവുകൾക്കുമായി അദ്ദേഹം ഈ തുക അയയ്ക്കുമായിരുന്നു. ഓരോ മാസവും അദ്ദേഹം അയച്ചിരുന്ന നൂറ്രൂപ ഇതിന് പുറമെയായിരുന്നു.)

‘ഇതുപോലെ തന്നെ, അല്ലാഹുവിന്റെ മാർഗത്തിലെ എന്റെ പ്രിയ സഹോദരനായ ലാഹോറിലെ വ്യാപാരി ശൈഖ് റഹ്മതുല്ലാഹ് സാഹിബുമുണ്ട്. മേൽപ്പറഞ്ഞ ശൈഖ് സാഹിബ് പൂർണ്ണ ഹൃദയത്തോടെ നമ്മുടെ ആത്മാർത്ഥ സ്നേഹിതനാണെന്ന് എനിക്ക് വളരെ നന്നായി അറിയാം.’’

‘എനിക്കെതിരെ ചുമത്തപ്പെട്ടിരുന്ന ക്രിമിനൽ കേസുകളിൽ സ്വന്തം പണത്തിൽ നിന്ന് ഗണ്യമായൊരു തുക ചെലവഴിച്ച് അദ്ദേഹം എന്നെ വളരെയധികം സഹായിച്ചു. തന്റെ സ്നേഹത്തിന്റെ ആവേശത്താൽ പ്രേരിതനായി, എന്നോടുള്ള സഹാനുഭൂതി പ്രകടിപ്പിക്കുന്നതിൽ അദ്ദേഹം ഒരിക്കലും മടിച്ചില്ല; നിരന്തരം അതിൽ ഏർപ്പെട്ടുകൊണ്ടിരുന്നു.’’

‘ഇപ്പോൾ നമ്മുടെ ദൗത്യത്തിനായി നൂറുകണക്കിന് രൂപ ചെല വഴിച്ച ശേഷം അദ്ദേഹം ലണ്ടനിലാണ്. സർവശക്തനായ അല്ലാഹു അദ്ദേഹത്തെ ഉടൻ സുരക്ഷിതനും ആരോഗ്യവാനുമായി തിരിച്ചു കൊണ്ടുവരട്ടെ.’’

അദ്ദേഹം ലണ്ടനിലേക്ക് പോയിരുന്ന സമയത്താണ് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇപ്രകാരം പറഞ്ഞത്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു:

‘അല്ലാഹുവിന്റെ മാർഗത്തിലെ എന്റെ പ്രിയസഹോദരനായ സർദാർ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് സ്നേഹത്തിലും ആത്മാർത്ഥതയിലും വലിയ പുരോഗതി കൈവരിച്ചിരിക്കുന്നുവെന്ന കാര്യവും പരാമർശിക്കേണ്ടതാണ്. നമ്മുടെ ആഴത്തിലുള്ള ഉൾക്കാഴ്ച സാക്ഷ്യപ്പെടുത്തുന്നത്, അദ്ദേഹം വളരെ പെട്ടെന്നു തന്നെ അസൂയ ഉളവാക്കത്തക്കവിധം ഉന്നതമായ ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും ഒരു പദവിയിലെത്തുമെന്നാണ്.’’

‘തന്റെ കഴിവിനനുസരിച്ച് അദ്ദേഹം എല്ലായ്പ്പോഴും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ സമ്പത്തിൽ നിന്ന് ഇനിയും കൂടുതൽ ത്യാഗം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.’’

‘സർവശക്തനായ അല്ലാഹു എല്ലാവരുടെയും പ്രവൃത്തികൾ കാണുന്നവനാണ്. അതിനാൽ അവരെക്കുറിച്ച് ഇനി കൂടുതലായി പറയുകയോ എഴുതുകയോ ചെയ്യേണ്ട ആവശ്യമില്ല.’’

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു: ‘ഇതു പോലെ തന്നെ, ആത്മാർത്ഥരായ മറ്റു പല ആളുകളുമുണ്ട്...’’

‘എന്നാൽ, ഖേദകരമെന്നു പറയട്ടെ, അവരുടെ എല്ലാവരുടെയും പേരുകൾ എഴുതുകയാണെങ്കിൽ ഈ അറിയിപ്പ് വളരെ ദൈർഘ്യമേറിയ ഒരു ലേഖനമായിമാറും’.

അദ്ദേഹം തുടർന്നു: ‘അവരുടെയെല്ലാം കാര്യത്തിൽ ഞാൻ പ്രാർഥിച്ചിട്ടുണ്ട്: അല്ലാഹു അവർക്ക് ഇഹലോകത്തും പരലോകത്തും സന്തോഷവും സൗഭാഗ്യവും നൽകട്ടെ. അവർ അല്ലാഹുവിന്റെ മാർഗത്തിൽ ഇപ്പോൾ ചെയ്യുന്നതും ഭാവിയിൽ ചെയ്യാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളും സർവശക്തനായ അല്ലാഹുവിന്റെ ജാഗ്രതാ പൂർവമായ നിരീക്ഷണത്തിന് കീഴിലാണ്.’’ (മജ്മൂഅ ഇശ്തി ഹാറാത്ത്, 2019, വാല്യം 2, പേജ് 542–546)

തിരുനബി ﺺ യുടെ യഥാർഥ ദാസനായ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്റെ സഹായികളോടുള്ള നന്ദി പ്രകടിപ്പിച്ചിരുന്നത് ഈ രീതിയിലായിരുന്നു. ആരെങ്കിലും ചെയ്ത ഏറ്റവും ചെറിയ സേവനത്തിനു പോലും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അത്യധികം നന്ദി പ്രകടിപ്പിക്കുമായിരുന്നു.

ഇതു സംബന്ധിച്ച് ഹദ്റത്ത് മുൻഷി മഹ്ബൂബ് ആലം സാഹിബ് പറയുന്നു: ‘ഞങ്ങളുടെ അയൽപക്കത്ത് ഒരു അഹ്മദിയല്ലാത്ത വ്യക്തിയുണ്ടായിരുന്നു. അദ്ദേഹം ഫാലൂദ തയ്യാറാക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഖാജാ കമാലുദ്ദീൻ സാഹിബിന്റെ വീട്ടിൽ വന്നപ്പോൾ, ഫലൂദ തയ്യാറാക്കുന്ന ആ വ്യക്തി എന്നോട് പറഞ്ഞു: ‘ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിൽ നിന്ന് അനുമതി വാങ്ങിത്തരാൻ കഴിയുമെങ്കിൽ, അദ്ദേഹത്തിന് ഫാലൂദ വിളമ്പാൻ ഞാൻ ആഗ്രഹിക്കുന്നു.’

അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ അഭ്യർഥന ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ മുമ്പാകെ സമർപ്പിച്ചു. അദ്ദേഹം അനുമതി നൽകി. തുടർന്ന് ആ വ്യക്തി ആവശ്യമായ എല്ലാ സാധനങ്ങളും എടുത്തുകൊണ്ട് അവിടെയെത്തി. ഖാജാ കമാലുദ്ദീൻ സാഹിബിന്റെ വീടിന്റെ മുറ്റത്ത് ഒരു കട്ടിലിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇരിക്കുക യായിരുന്നു. ഞാൻ ആ വ്യക്തിയെ അദ്ദേഹത്തിന്റെ മുമ്പാകെ പരിചയപ്പെടുത്തി. ഫലൂദ തയ്യാറാക്കിക്കൊള്ളാൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു. അങ്ങനെ അയാൾ പുറത്തിരുന്ന് ഒരു പാത്രം ഫാലൂദ തയ്യാറാക്കി ഹദ്റത്ത് സാഹിബിന് സമർപ്പിച്ചു. ഹദ്റത്ത് സാഹിബ് അത് കഴിക്കുകയും അത് വളരെ നല്ലതാണെന്ന് പറഞ്ഞ് അഭിനന്ദിക്കുകയും ചെയ്തു.

തുടർന്ന് ആ വ്യക്തി പത്ത് അല്ലെങ്കിൽ പന്ത്രണ്ട് പാത്രം കൂടി അകത്തേക്ക് അയച്ച് എല്ലാവർക്കും ഫാലൂദ വിളമ്പി. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം രണ്ട് രൂപ എടുത്തു. (അക്കാലത്ത് രണ്ട് രൂപ ഗണ്യമായൊരു തുകയായിരുന്നു.) അത് ആ വ്യക്തിക്ക് നൽകാൻ എന്നോട് പറഞ്ഞു. ഞാൻ ആ രണ്ട് രൂപ അദ്ദേഹത്തിന്റെ അടുത്തേക്ക് കൊണ്ടുപോയി. എന്നാൽ അദ്ദേഹംഅത് സ്വീകരിക്കാൻ വിസമ്മതിച്ചുകൊണ്ട് എന്നോട് പറഞ്ഞു: ‘എന്നെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്നിധിയിലേക്ക് കൊണ്ടു പോകൂ.’ഞാൻ അദ്ദേഹത്തെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ അടുത്തേക്ക് കൊണ്ടുപോയി. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ മുമ്പിൽ കൈകൾ കൂപ്പി പറഞ്ഞു: ‘എനിക്ക് ഈ രണ്ട് രൂപ ആവശ്യമില്ല. ഞാൻ ഫാലൂദ ഒരു സമ്മാനമായാണ് സമർപ്പിച്ചത്.’ അദ്ദേഹം നിർബന്ധപൂർവം നിരസിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആ പണം നൽകുന്നതിനു പകരം, അദ്ദേഹത്തിനായി പ്രാർഥിച്ചു: ‘അല്ലാഹു നിങ്ങൾക്ക് ഏറ്റവും ഉത്തമമായ പ്രതിഫലം നൽകട്ടെ.’ നിവേദകൻ പറയുന്നു: ഈ പ്രാർഥനയുടെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ മക്കൾ പിന്നീട് വളരെ നല്ല സ്ഥാനങ്ങൾ കൈവരിക്കുകയുണ്ടായി.’’ (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 278–279)

ഹദ്റത്ത് മൗലവി ഇബ്രാഹീം സാഹിബ് ബാഖാപുരി പറയുന്നു: ‘ഒരിക്കൽ ജമാഅത്തിലെ ചിലർ (മർഹൂം ഹദ്റത്ത് മിർ ഹമീദ്ഷാ സാഹിബ്, മർഹൂം ചൗധരി നസ്റുല്ലാഹ് ഖാൻ സാഹിബ്, ഈ വിനീത ദാസൻ എന്നിവരുൾപ്പെടെ) ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് സമ്മാനമായി കുറച്ച് പണം സമർപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പണം കെട്ടിയിരുന്ന തൂവാല കൈയിലെടുത്തു. ആദ്യം അദ്ദേഹം പറഞ്ഞു: ‘അൽഹംദുലില്ലാഹ്’‘എല്ലാ സ്തുതിയും അല്ലാഹുവിനാണ്.’ ശേഷം പറഞ്ഞു: ‘അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ.’

ഇത് ഞങ്ങളുടെ വിശ്വാസം കൂടുതൽ ശക്തമാക്കി. കാരണം, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആദ്യം അല്ലാഹുവിന് നന്ദി അർപ്പിക്കുകയും അതിനു ശേഷം ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്തു.’’ (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 56)

മുമ്പ് ഞാൻ പരാമർശിച്ചിട്ടുള്ളതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പഠിപ്പിച്ചത്, ആദ്യം അല്ലാഹുവിന് നന്ദി അർപ്പിക്കുകയും അതിനു ശേഷം മനുഷ്യരോട് നന്ദി പ്രകടിപ്പിക്കുകയും വേണം എന്നായിരുന്നു. (ഹയാതെ ഖുദ്സി, പേജ് 134)

ഹദ്റത്ത് സുൽഫിഖാർ അലിഖാൻ ഗോഹർ സാഹിബ് ഒരു സംഭവം വിവരിക്കുന്നു: ‘താഴത്തെ നിലയിലായിരുന്ന ബൈത്തുദ്ദുആയിൽ നിന്ന് ഒരിക്കൽ, ഏകദേശം പത്ത് മണിയോടെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പുറത്തേക്ക് വന്നു. അപ്പോൾ അദ്ദേഹം മുടിയിൽ മൈലാഞ്ചി ഇട്ടിരുന്നു. (ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്റെ താടിയിലും മുടിയിലും നിറം കൊടുക്കാറുണ്ടായിരുന്നു. അക്കാലത്ത് ഇതിനായി മൈലാഞ്ചിയാണ് ഉപയോഗിച്ചിരുന്നത്; ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമും മൈലാഞ്ചി ഉപയോഗിക്കാറുണ്ടായിരുന്നു.)

ബൈത്തുദ്ദുആയോട് ചേർന്ന് ഒരു ചെറിയ മുറിയുണ്ടായിരുന്നു. അതിന് ഒരു വാതിൽ മുറ്റത്തേക്കും മറ്റൊന്ന് എന്റെ മുറിയിലേക്കുമായിരുന്നു. ഞാൻ സമീപത്തായിരുന്നു താമസിച്ചിരുന്നത്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പുറത്തേക്ക് വരുന്നതും കാത്ത് ഞാൻ ആ മുറിയിൽ ഇരിക്കാറുണ്ടായിരുന്നു.

‘ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ബൈത്തുദ്ദുആയിൽ നിന്ന് പുറത്തുവന്ന് ഒരു കട്ടിലിൽ ഇരുന്നു. എന്നിട്ട് എന്നോട് പറഞ്ഞു: ‘മൗലവി സയ്യിദ് സർവർഷാ സാഹിബിനോട് ഇവിടെ നമുക്കായി കുറച്ച് ഭക്ഷണം കൊണ്ടുവരാൻ പറയുക.’

‘അക്കാലത്ത് അതിഥികൾ വന്നിട്ടുണ്ടായിരുന്നു. എല്ലാവർക്കുമായി ഒരുമിച്ചാണ് ഭക്ഷണം പാകം ചെയ്തിരുന്നത്. ഭക്ഷണത്തിന്റെ ക്രമീകരണങ്ങളുടെ ചുമതല മൗലവി സയ്യിദ് സർവാർഷാ സാഹിബിനായിരുന്നു. ഞാൻ പോയി ഹദ്റത്തിന്റെ സന്ദേശം അറിയിച്ചു.

‘ഞങ്ങൾ അപ്പോഴേക്കും ഭക്ഷണം കഴിച്ച് വെറും പത്ത് മിനിറ്റ് പോലും കഴിഞ്ഞിരുന്നില്ല. ഭക്ഷണം ഒന്നും ശേഷിച്ചിരുന്നില്ല. ആളുകൾ എല്ലാം കഴിച്ചു തീർത്തിരുന്നു.’’

‘ഞാൻ സന്ദേശം അറിയിച്ചപ്പോൾ മൗലവി സയ്യിദ് സർവാർ ഷാ സാഹിബിന്റെ മുഖം വിളറി. എന്നിരുന്നാലും, അദ്ദേഹം ഒരു ചെറിയ പാത്രത്തിൽകുറച്ച് പാലും ഒരു പ്ലേറ്റിൽ മൂന്ന് കഷണം ടോസ്റ്റും പഞ്ചസാരയും വെച്ച് കൊണ്ടുവന്നു. ഭക്ഷണം കൊണ്ടുവരുമ്പോൾ അദ്ദേഹത്തിന്റെ മുഖം വിഷണ്ണമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഭക്ഷണം ആവശ്യപ്പെട്ടിട്ടും ഒന്നും ശേഷിച്ചില്ലല്ലോ എന്ന ചിന്തയിൽ അദ്ദേഹം വളരെ വിഷമത്തിലായിരുന്നു. അദ്ദേഹം പറഞ്ഞു: ‘ഹുസൂർ, ഇപ്പോൾ മറ്റൊന്നും ശേഷിച്ചിട്ടില്ല.’

ഹദ്റത്ത് സുൽഫിഖാർ അലി ഖാൻ സാഹിബ് പറയുന്നു: ‘ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനായി

• ഹദീഥുന്നബ്വി ﺺ •

“അക്‌രിമൂ ഔലാദക്കും.”
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﺺ •

“അൽഅമാനത്തു ഇസ്സുൻ.”
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഭക്ഷണം മാറ്റി വെച്ചിട്ടില്ലെന്നത് എന്നെ അത്യന്തം അത്ഭുതപ്പെടുത്തി. എന്തു തരം ക്രമീകരണമായിരുന്നു ഇത്?''

'എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പ്രകടിപ്പിച്ച നന്ദി അദ്ദേഹത്തിന്റെ മുഖഭാവത്തിൽ തന്നെ വ്യക്തമായി കാണാമായിരുന്നു. അത് വെറുതെ പുറമേ കാണിക്കാനോ കൃത്രിമമായോ പ്രകടിപ്പിച്ചതായിരുന്നില്ല. മറിച്ച്, അദ്ദേഹത്തിന്റെ അത്മാർഥമായ നന്ദി മുഖത്ത് പ്രകടമായിരുന്നു.

'അദ്ദേഹം രണ്ട് കഷണം ടോസ്റ്റ് എടുത്ത് പഞ്ചസാരയിൽ മുക്കി കഴിച്ചു. ശേഷം കുറച്ച് വെള്ളം കുടിച്ചു.''

നിവേദകൻ പറയുന്നു: 'ആ സമയത്ത് എന്റെ മനസ്സിൽ ഒരു ചിന്ത വന്നു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ക്ഷമയും നന്ദിയും ആത്മീയ സ്ഥാനവും ലോകത്തിന് പ്രകടമാകുന്നതിനു വേണ്ടി അല്ലാഹുതആല ഈ വീഴ്ച സംഭവിക്കാൻ ഇടയാക്കിയതായിരിക്കണം.'' (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 54)

സഹാബിമാർ വളരെ ചെറിയ സംഭവങ്ങൾ പോലും ശ്രദ്ധിച്ച് രേഖപ്പെടുത്താറുണ്ടായിരുന്നു.

1900 ആഗസ്റ്റ് 7ന്, വസ്ത്രങ്ങളുടെ ഒരു സമ്മാനം അയച്ചിരുന്ന ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് (റ)ന് ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാം നന്ദി രേഖപ്പെടുത്തി ഒരു കത്ത് എഴുതി. അതിൽഅദ്ദേഹം ഇങ്ങനെ എഴുതി: 'താങ്കൾ വളരെ ആഴത്തിലുള്ള സ്നേഹത്തോടും ആത്മാർത്ഥതയോടും കൂടി അയച്ച വിലയേറിയതും ഉത്തമവുമായ വസ്ത്രങ്ങൾ എനിക്ക് ലഭിച്ചിരിക്കുന്നു. അവയ്ക്കായി ഞാൻ താങ്കളോട് നന്ദി രേഖപ്പെടുത്തുന്നു.''

'ഓരോ വസ്ത്രം നോക്കുമ്പോഴും, എന്റെ പ്രിയ സുഹൃത്ത് അതീവ പരിശ്രമത്തോടും ആത്മസമർപ്പണത്തോടും കൂടിയാണ് അവ തയ്യാറാക്കിയതെന്ന് വ്യക്തമാണ്. അതിനുപകരമായി, അല്ലാഹു തആല തന്റെ അതിരുകളില്ലാത്തതും മനുഷ്യബുദ്ധിക്ക് പൂർണ്ണമായി ഗ്രഹിക്കാനാകാത്തതുമായ കൃപയും അനുഗ്രഹവും താങ്കളുടെ മേൽ ചൊരിയട്ടെ. തഖ്വയുടെ വസ്ത്രം കൊണ്ട് താങ്കളെ പൂർണ്ണമായി അണിയിക്കുകയും, തന്റെ ഔലിയാക്കളുടെയും സജ്ജനങ്ങളുടെയും നിറം നൽകി താങ്കളെ ആദരിക്കുകയും ചെയ്യട്ടെ.'' (അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ് 686-687)

അങ്ങനെ, ഭൗതികമായ വസ്ത്രങ്ങൾ സമ്മാനമായി ലഭിച്ചതിന് പ്രതിഫലമായി, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നന്ദി പ്രകടിപ്പിക്കുക മാത്രമല്ല ചെയ്തത്; മറിച്ച്, ആ സമ്മാനം അയച്ച വ്യക്തിക്ക് അല്ലാഹുതആല യഥാർഥ തഖ്വയുടെ വസ്ത്രം അണിയിക്കണമെന്നും സജ്ജനങ്ങളുടെ ഗുണങ്ങളാൽ അദ്ദേഹത്തെ അലങ്കരിക്കണമെന്നും പ്രാർഥിക്കുകയും ചെയ്തു.

ഹദ്റത്ത് മുൻശി അഹ്മദ് ജാൻ സാഹിബ് റളിയല്ലാഹു അൻഹുവിന് അയച്ച ഒരു കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇങ്ങനെ എഴുതി: 'ബഹുമാന്യനും ആദരണീയനുമായ എന്റെ സഹോദരൻ മുൻശി അഹ്മദ് ജാൻ സാഹിബ്! അല്ലാഹു തആല താങ്കളെ സുരക്ഷിതനാക്കുകയും ഏറ്റവും ഉത്തമമായ പ്രതിഫലം നൽകുകയും ചെയ്യട്ടെ. താങ്കൾക്ക് സമാധാനം ഉണ്ടാകട്ടെ. താങ്കളുടെ കത്ത് എനിക്ക് ലഭിച്ചു. ഉദാരനായ നാഥന്റെ അനുഗ്രഹങ്ങൾക്ക് വേണ്ടത്ര നന്ദി പ്രകടിപ്പിക്കുക സാധ്യമല്ല. കാരണം, ഈ ഏറ്റവും വിനീതനായ ദാസന്, ആത്മാർഥതയുള്ള സുഹൃത്തുക്കളെ അവൻ നൽകിയിരിക്കുന്നു. അത്തരം സുഹൃത്തുക്കളുടെ സാന്നിധ്യം തന്നെയാണ് ഈ നിസ്സാരനായ എനിക്ക് അഭിമാനത്തിന്റെയും ബഹുമാനത്തിന്റെയും കാരണമാകുന്നത്. പരമ ഉദാരനായ നാഥൻ താങ്കളെ സന്തോഷത്തിലും ആനന്ദത്തിലും നിലനിർത്തുകയും താങ്കളുടെ ഹൃദയംഗമമായ ഉദ്ദേശ്യങ്ങൾക്ക് ഉചിതമായ പ്രതിഫലം നൽകുകയും ചെയ്യട്ടെ. ഈ വിനീതനായ ദാസൻ പൂർണ്ണമായും ദുർബലനും പ്രയോജനരഹിതനും നിസ്സാരനുമാണ്. യാതൊരു അർഹതയും എനിക്കില്ലാത്തപ്പോഴും, കരുണ കാണിക്കുന്നവരിൽ ഏറ്റവും കരുണാമയനായ അല്ലാഹുവിന്റെ കൃപയും അനുഗ്രഹവും മാത്രമാണ്, അർഹതയില്ലാത്ത ഒരുവനായ എന്റെ മേൽ എണ്ണമറ്റ അനുഗ്രഹങ്ങൾ അവൻ ചൊരിയുന്നതിന് കാരണം.''

'ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാമിന്റെ മഹത്തായ ആത്മീയ പദവി പരിഗണിക്കുമ്പോഴും, അദ്ദേഹത്തിന്റെ വിനയം എത്രത്തോളം ആഴമുള്ളതായിരുന്നുവെന്ന് ഇവിടെ വ്യക്തമാണ്.

'എന്റെ ഉള്ളിൽ ഒന്നിന് പിന്നാലെ ഒന്നായി കുറവുകൾ ഞാൻ കണ്ടെത്തുന്നു; എന്നാൽ അവൻ ഒന്നിന് പിന്നാലെ ഒന്നായി അനുഗ്രഹങ്ങൾ നൽകുന്നു. ഞാൻ തെറ്റിന് പിന്നാലെ തെറ്റ് ചെയ്യുന്നതായി അവൻ കാണുന്നു; എന്നിട്ടും അവൻ അനുഗ്രഹത്തിന് പിന്നാലെ അനുഗ്രഹം നൽകുന്നു. യഥാർഥത്തിൽ, അവൻ അത്യന്തം കരുണാമയനും പരമ ഉദാരനുമാണ്. അവനോടുള്ള നന്ദി പ്രകടിപ്പിക്കാൻ മതിയായ വാക്കുകൾ എനിക്ക് എവിടെ നിന്ന് ലഭിക്കും?

'ഈ വിനീതനായ ദാസൻ ഒന്നുമല്ല; താഴ്മയുള്ളവനും നിസ്സഹായനും അത്യന്തം ദരിദ്രനുമാണ്. അവൻ എന്നെ പൊടിയിൽ കണ്ടെത്തി ഉയർത്തി. ഞാൻ തീർത്തും അർഹനല്ലെന്ന് അവൻ കണ്ടിട്ടും എന്റെ കുറവുകൾ മറച്ചുവെച്ചു. എന്റെ ദൗർബല്യം കണ്ടപ്പോൾ അവൻ തന്നെയാണ് എനിക്ക്ശക്തി നൽകിയത്. എന്റെ അജ്ഞത കണ്ടപ്പോൾ അവൻ തന്നെയാണ് എനിക്ക് ജ്ഞാനം നല്കിയത്. എണ്ണിത്തീർക്കാൻ കഴിയാത്തത്ര അനുഗ്രഹങ്ങളാണ് അവൻ എനിക്ക് നൽകിയിട്ടുള്ളത്.

'അവന്റെ അനുഗ്രഹത്തിന്റെ ഒരു പ്രകടനം ഇതാണ്: താങ്കളെപ്പോലുള്ള മഹത്തുക്കളായ സഹോദരന്മാരുടെ ഹൃദയങ്ങളിൽ ഈ ഏറ്റവും വിനീതനായ ദാസനോടുള്ള സ്നേഹം അവൻ സ്ഥാപിച്ചിരിക്കുന്നു.''

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്റെ സഹായികളോടുള്ള നന്ദി പ്രകടിപ്പിച്ചത് ഇപ്രകാരമായിരുന്നു.

'ഈ സ്നേഹം വളർത്തിയെടുക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒന്നാണ്. ഈ ബന്ധത്തിലൂടെ പരസ്പരം ചേർത്തിട്ടുള്ള എല്ലാവരുടെയും മേൽ അല്ലാഹു തആല തന്റെ കൃപ ചൊരിയുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.''

ഈ കത്ത് എഴുതിയതിന് ശേഷം, ഏതോ ഒരു മഹാത്മാവിന്റെ താഴെപ്പറയുന്ന ഈരടികൾ അദ്ദേഹത്തിന് ഇൽഹാമായി വെളിപ്പെട്ടു. ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാം എഴുതി:

ہرگز نمیرد آنکہ دلش زندہ شد بعشق
ثبت است بر جریدۂ عالم دوام ما

'സ്നേഹത്താൽ ജീവൻ പ്രാപിച്ച ഹൃദയമുള്ളവൻ ഒരിക്കലും മരിക്കുകയില്ല. ലോക ചരിത്രത്തിൽ നമ്മുടെ ശാശ്വത ജീവിതം മുദ്രിതമാക്കപ്പെട്ടിരിക്കുന്നു.'' (മക്തൂബാത്തെ അഹ്മദ്, വാല്യം 3, പേജ് 25-26)

മറ്റൊരു കത്തിൽ, തനിക്ക് പിന്തുണ നൽകിക്കൊണ്ട് മൂന്ന് പുസ്തകങ്ങൾ അയച്ച ഹദ്റത്ത് ഖാസി സുഹൂറുദ്ദീൻ അക്മൽ സാഹിബ്(റളിയല്ലാഹു അൻഹു)ന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം എഴുതി: 'താങ്കൾ സമ്മാനമായി അയച്ച മൂന്ന് പുസ്തകങ്ങൾ എനിക്ക് ലഭിച്ചു. അല്ലാഹുത ആല താങ്കൾക്ക് ഉത്തമമായ പ്രതിഫലം നല്കട്ടെ. മൂന്ന് പുസ്തകങ്ങളും ഞാൻ ഒന്ന് വായിച്ചു നോക്കി. അവയിലെ വിവരണം വളരെ ഉത്തമവും ശക്തമായ വാദങ്ങളാൽ സമർഥിതവുമാണ്. അല്ലാഹു താങ്കൾക്ക് നല്ല പ്രതിഫലം നൽകട്ടെ. ആമീൻ.

'അനുയോജ്യമായ സ്ഥലങ്ങളിലും സമയങ്ങളിലും ഇവ പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. അങ്ങനെ അതിന്റെ പ്രതിഫലം ഇരട്ടിയാകട്ടെ.'' (മക്തൂബാത്തെ അഹ്മദ്, വാല്യം 5, പേജ് 245)

അതുപോലെ, ഹദ്റത്ത് ഉമ്മെ നാസിറിന്റെ പിതാവും ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റളിയല്ലാഹു അൻഹു)ന്റെ ഭാര്യാ പിതാവുമായിരുന്ന ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബിന് അയച്ച ഒരു കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം എഴുതി: 'എന്റെ പ്രിയപ്പെട്ട സഹോദരൻ ഡോ. ഖലീഫ റശീദുദ്ദീൻ സാഹിബ്, താങ്കൾക്ക് സമാധാനം ഉണ്ടാകട്ടെ.

താങ്കൾ അയച്ച അമ്പത് രൂപ എനിക്ക് ലഭിച്ചു. ദുഷ്ടസ്വഭാവികളും അസൂയാലുക്കളുമായ ചിലർ എനിക്കെതിരെ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുന്ന ഈ അതീവ സങ്കീർണ്ണവും ആവശ്യകതയേറിയതുമായ സമയത്ത്, താങ്കൾ ആവർത്തിച്ച് നൽകുന്ന സാമ്പത്തിക സഹായം തീർച്ചയായും നന്ദിക്ക് അർഹമാണ്. അല്ലാഹു താങ്കൾക്ക് ഏറ്റവും ഉത്തമമായ പ്രതിഫലം നൽകട്ടെ.

ഈ കേസിന്റെ അടുത്ത വിചാരണ 1899 ഫെബ്രുവരി 24നാണ്. അത് ഒരുപക്ഷേ ഈദിന്റെ അടുത്ത ദിവസമായിരിക്കാം. ഈദ് ഞായറാഴ്ചയായിരിക്കാനാണ് സാധ്യത. അതിന്റെ അടുത്ത ദിവസം, തിങ്കളാഴ്ച, കേസിനായി എനിക്ക് പത്താൻകോട്ടിലേക്ക് പോകേണ്ടി വരും. അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നത്.

ഇനി കുറച്ചു കാലം താങ്കൾക്കായി തുടർച്ചയായി പ്രാർഥിക്കാമെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു.'' നന്ദിപ്രകടനമെന്ന നിലക്ക് അദ്ദേഹത്തിനായി കുറച്ചുകാലം തുടർച്ചയായി പ്രാർഥിക്കുമെന്ന് പറയുന്നു.

'അല്ലാഹു താങ്കൾക്ക് ദൂരത്തിന്റെയും വേർപാടിന്റെയും പ്രയാസങ്ങളിൽ നിന്ന് മോചനം നല്കി സുരക്ഷയും സമാധാനവും പ്രദാനം ചെയ്യുമാറാകട്ടെ..''

(അദ്ദേഹം അകലെയുള്ള സ്ഥലത്ത് നിയമിക്കപ്പെട്ടിരുന്നതിനാൽ, വീട്ടിലേക്ക് മടങ്ങിവരണമെന്ന് ആഗ്രഹിച്ചുകൊണ്ടാണ് ഈ പ്രാർഥന നട

• ഹദീഥുന്നബ്വി ﷺ •

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി ﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

ത്തിയത്.) ‘ആമീൻ, സുമ്മ ആമീൻ.’’ (മക്തൂബാത്തെ അഹ്മദ്, വാല്യം 4, പേജ് 214)

മറ്റൊരുകത്തിൽ, ഹദ്റത്ത് സാഹിബ് സാദ സിറാജുൽ ഹഖ് സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഇങ്ങനെ എഴുതി:

‘എന്റെ ആദരണീയ സഹോദരൻ സാഹിബ് സാദ സിറാജുൽഹഖ് സാഹിബിന്,

‘അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും താങ്കളുടെമേൽ ഉണ്ടാകട്ടെ. താങ്കളുടെ കത്ത് ലഭിച്ചു. താങ്കൾ സ്നേഹപൂർവ്വം സമ്മാനമായി അയച്ച തലപ്പാവിനും സുഗന്ധദ്രവ്യത്തിനും ഞാൻ താങ്കളോട് നന്ദിയുള്ളവനാണ്.’’

(സമ്മാനം വളരെ ചെറിയതായിരുന്നിട്ടു പോലും, നന്ദി അറിയിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു കത്ത് എഴുതുകയായിരുന്നു.)

‘അല്ലാഹു താങ്കൾക്ക് ഏറ്റവും ഉത്തമമായ പ്രതിഫലം നൽകട്ടെ. ഇഹലോകത്തും പരലോകത്തും താങ്കളോട് അനുഗ്രഹപൂർവ്വം പെരുമാറട്ടെ. അല്ലാഹു തആല താങ്കളെ വളരെയധികം സന്തോഷത്തോടെ നിലനിർത്തുകയും മതപരമായും ഭൗതികമായും അനിഷ്ടകരമായ കാര്യങ്ങളിൽ നിന്ന് താങ്കളെ സംരക്ഷിക്കുകയും ചെയ്യട്ടെ.’’ (മക്തൂബാത്തെ അഹ്മദ്, വാല്യം 3, പേജ് 110)

നന്ദി പ്രകടിപ്പിക്കുന്നതിനോടൊപ്പം, മറ്റുള്ളവരുടെ ആത്മീയ പുരോഗതിക്കു വേണ്ടിയും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പ്രാർഥിക്കാറുണ്ടായിരുന്നു.

സയ്യിദ് മഹ്മൂദ് ആലം സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്നു: ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റളിയല്ലാഹു അൻഹു) പറയാറുണ്ടായിരുന്നു: ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഈദുൽ അദ്ഹാ ദിനത്തിൽ അറബി ഖുത്ബ നടത്തിയപ്പോൾ, അദ്ദേഹം അത് ഏത് അവസ്ഥയിലാണ് നടത്തിയതെന്ന് ചോദിക്കപ്പെട്ടു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം മറുപടി നൽകി: ‘മാലാഖമാർ വലിയ അക്ഷരങ്ങളിൽ എഴുതിയ ഫലകങ്ങൾ എന്റെ മുമ്പിൽ കൊണ്ടുവന്നുകൊണ്ടിരുന്നു. അവ പ്രത്യക്ഷപ്പെടുമ്പോൾ ഞാൻ അവയിൽ എഴുതിയിരുന്നത് വായിക്കുമായിരുന്നു. ഒരു ഫലകം വന്നാൽ അതിൽ എഴുതിയിരുന്നത് ഞാൻ പാരായണം ചെയ്യും. പിന്നീട് മറ്റൊരു ഫലകം പ്രത്യക്ഷപ്പെടുകയും ആദ്യത്തേത് അപ്രത്യക്ഷമാകുകയും ചെയ്യും. ഇങ്ങനെ ഫലകങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരുന്നു.

‘ഖുത്ബ എഴുതാൻ ഇരുന്നിരുന്ന രണ്ട് ലേഖകരിൽ ഒരാൾ എന്തെങ്കിലും വീണ്ടും പറയണമെന്ന് ആവശ്യപ്പെട്ടാൽ, അപ്രത്യക്ഷമായ ഫലകം വീണ്ടും പ്രത്യക്ഷപ്പെടും. ഞാൻ അതിലേക്ക് നോക്കി ആ വാക്കുകൾ വീണ്ടും പറയുമായിരുന്നു. ഇങ്ങനെ ഖുത്ബ അവസാനിക്കുന്നതുവരെ തുടർന്നു.’’

ഖുത്ബ അവസാനിച്ചപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നന്ദിയുടെ ഭാഗമായി സജ്ദയിൽ വീണു. അവിടെ സന്നിഹിതരായിരുന്ന എല്ലാവരും അദ്ദേഹത്തോടൊപ്പം ആ നന്ദിയുടെ സജ്ദയിൽ പങ്കുചേർന്നു.

തല ഉയർത്തിയശേഷം അദ്ദേഹം പറഞ്ഞു: ‘ഞാൻ ഇപ്പോൾ ചുവന്ന അക്ഷരങ്ങളിൽ مبارک (മുബാറക്/ അഭിനന്ദനം) എന്ന വാക്ക് ദർശനത്തിൽ കണ്ടു. ഈ പ്രഭാഷണം അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് അതിന്റെ അർഥം.’(തദ്കിറ, ഇംഗ്ലീഷ് പതിപ്പ്, പേജ് 488)

ഹദ്റത്ത് മിയാൻ ഫിറോസുദ്ദീൻ സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്നു: ‘ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം, മിർഹി സാമുദ്ദീൻ സാഹിബിന്റെ വീടിന്റെ മട്ടുപ്പാവിൽ വെച്ചാണ് ‘ലക്ചർ സിയാൽക്കോട്ട്’ എഴുതിയത്. മേൽക്കൂരയുടെ നാല് താഴ്ന്ന കൈവരികളിലായി നാല് മഷിക്കുപ്പികൾ വെച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നടക്കുന്നതിനിടയിൽ തന്നെയാണ് എഴുതിയിരുന്നത്. അത് അസർ നമസ്കാരത്തിന്റെ സമയത്തോടടുത്തായിരുന്നു. അദ്ദേഹം നടക്കുകയും എഴുതുകയും ചെയ്തുകൊണ്ടിരുന്നു. ചില സമയങ്ങളിൽ അദ്ദേഹം പെട്ടെന്ന് സജ്ദയിൽ വീഴുകയും ചെയ്യും. അല്ലാഹു തആല അദ്ദേഹത്തിന് ഏതെങ്കിലും ഒരു ആത്മീയ സത്യം വെളിപ്പെടുത്തുമ്പോൾ, അതിന് നന്ദി പ്രകടിപ്പിക്കുന്നതിനായി അദ്ദേഹം സജദ ചെയ്യുന്നതായി തോന്നുമായിരുന്നു. എഴുതുന്നതിനിടയിൽ അദ്ദേഹം പെട്ടെന്ന് നിർത്തുകയും സജ്ദയിൽ വീഴുകയും ചെയ്യും.’

അദ്ദേഹം പറയുന്നു: ‘ഞങ്ങളുടെ സ്വന്തം വീടിന്റെ മട്ടുപ്പാവിൽ നിന്ന് ഞങ്ങൾ ഈ മുഴുവൻ കാഴ്ചയും നോക്കിക്കൊണ്ടിരുന്നു. ഇത് കാണുന്നതിനായി മറ്റു പലരും അവിടെ ഒത്തുകൂടിയിരുന്നു. ഞങ്ങളുടെ വീട് സമീപത്തായിരുന്നു. മാത്രമല്ല, ചുറ്റുമുള്ള മറ്റെല്ലാ വീടുകളേക്കാളും ഉയരത്തിലുമായിരുന്നതിനാൽ, മുഴുവൻ ദൃശ്യവും വ്യക്തമായി കാണാൻ സാധിച്ചിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം എങ്ങനെയാണ് ആ ഗ്രന്ഥം എഴുതിക്കൊണ്ടിരുന്നതെന്നും, എഴുത്തിനോടൊപ്പം തന്നെ എങ്ങനെയാണ് അദ്ദേഹം നിരന്തരം അല്ലാഹുവിന് നന്ദി അർപ്പിച്ചു കൊണ്ടിരുന്നതെന്നും ഞങ്ങൾ നേരിൽ കണ്ടു.’’(രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 375)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ നന്ദിയുടെ സ്വഭാവത്തെക്കുറിച്ച് ഒരു സഹാബി, ഹദ്റത്ത് ഖൈറുദ്ദീൻ സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്നു: ‘ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഞങ്ങളുടെ ഗ്രാമമായ ഖാദിറാബാദിൽവന്നു. എന്റെ മാതാവ് താജ് ബീബി സാഹിബ ഒരു തളികയിൽ പഞ്ചസാര നിറച്ച് അദ്ദേഹത്തിന് സമ്മാനിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആ പഞ്ചസാര അവിടെ ഇരിക്കുകയായിരുന്ന എന്റെ വല്യുമ്മയുടെ മടിയിൽ വെച്ചുകൊടുത്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു: ‘അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ.’ ഞങ്ങൾക്കു വേണ്ടിയും അദ്ദേഹം പ്രാർഥിച്ചു.’’ (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 89)

അങ്ങനെ, ഏറ്റവും ചെറിയ സമ്മാനത്തിനു പോലും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നന്ദി പ്രകടിപ്പിക്കുമായിരുന്നു.

ഹാജി മുഹമ്മദ് ദീൻ സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്നു: ‘ഒരിക്കൽ ഒരു സമ്മേളനത്തോടനുബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം സിയാൽക്കോട്ടിലേക്ക് വരുന്നുണ്ടെന്ന് ഞാൻ അറിഞ്ഞു. നിശ്ചയിച്ച ദിവസം, അദ്ദേഹത്തെ കാണാനുള്ള അതിയായ ആഗ്രഹത്തോടെ ഞാനും അവിടെ പോയി. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു വീടിന്റെ മുകളിലത്തെ നിലയിലാണ് താമസിച്ചിരുന്നത്. തീജ്വാലയിലേക്ക് ആകർഷിക്കപ്പെടുന്ന ശലഭങ്ങളെപ്പോലെ, അദ്ദേഹത്തോടുള്ള സ്നേഹത്തിൽ സമർപ്പിതരായിരുന്ന വലിയൊരു ജനക്കൂട്ടം അദ്ദേഹത്തെ ഒരുനോക്ക് കാണുന്നതിനായി താഴെ ആകാംക്ഷയോടെ കാത്തു നിന്നിരുന്നു. കുറച്ചു സമയത്തിനുശേഷം അദ്ദേഹം താഴേക്ക് ഇറങ്ങി വന്ന് അവിടെ കൂടിയിരുന്നവർക്ക് തന്നെ കാണാനുള്ള ഭാഗ്യം നൽകി.

ഒരു വൃദ്ധൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെ കണ്ടപ്പോൾ അനിയന്ത്രിതമായി കരയാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അദ്ദേഹത്തെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ സ്ഥിതി വിവരങ്ങൾ ചോദിക്കുകയും ചെയ്തു. അദ്ദേഹം വിനയപൂർവം പറഞ്ഞു: ‘ഹുസൂർ, ഇമാം മഹ്ദിയുടെ ആഗമനം വരെ എനിക്ക് ജീവിച്ചിരിക്കാൻ കഴിയേണമേ എന്ന് ഞാൻ പ്രാർഥിക്കാറുണ്ടായിരുന്നു.’

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു: ‘അങ്ങനെയാണെങ്കിൽ, ബാബാ, അല്ലാഹു തആല തീർച്ചയായും താങ്കളുടെ പ്രാർഥന സ്വീകരിച്ചിരിക്കുന്നു.’

ഇത് കേട്ടപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. തുടർന്ന് തന്റെ പേരക്കുട്ടികളിൽ ഒരാളെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ മുമ്പിൽ കൊണ്ടു വന്ന് അദ്ദേഹത്തിന്റെ അനുഗൃഹീതമായ കൈ കുട്ടിയുടെ മേൽവെച്ച് അവനുവേണ്ടി പ്രാർഥിക്കണമെന്ന് അഭ്യർഥിച്ചു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അവനു വേണ്ടി പ്രാർഥിച്ച ശേഷം മുകളിലത്തെ നിലയിലേക്ക് മടങ്ങിപ്പോയി.’’

തുടർന്ന്, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ നന്ദിയുള്ള സ്വഭാവം വ്യക്തമാക്കുന്ന യഥാർഥ സംഭവത്തിലേക്ക് അദ്ദേഹം കടക്കുന്നു. മുകളിൽ പറഞ്ഞത് ആ സംഭവത്തിന്റെ പശ്ചാത്തലം മാത്രമായിരുന്നു. അദ്ദേഹം തുടരുന്നു: ‘യാദൃച്ഛികമായി, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം മുകളിലേക്ക് കയറുന്നതിനിടയിൽ, വളരെ സാധാരണമായിരുന്ന അദ്ദേഹത്തിന്റെ ഒരു ചെരുപ്പ് കാലിൽ നിന്ന് ഊരി താഴേക്ക് പതിച്ചു. ഈ വിനീതനായ ദാസൻ അത് എടുത്ത് നേരിട്ട് അദ്ദേഹത്തിന്റെ കാലിൽ വീണ്ടും അണിയിച്ചു കൊടുത്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പുഞ്ചിരിതൂകുന്ന മുഖഭാവത്തോടെ സ്നേഹപൂർവം പറഞ്ഞു: ‘അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ.’ വളരെ ഹൃദ്യമായ രീതിയിൽ അദ്ദേഹം നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.’’ (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 5, പേജ് 334)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം നന്ദി പ്രകടിപ്പിക്കാനുള്ള ഒരു അവസരവും ഒരിക്കലും നഷ്ടപ്പെടുത്താറില്ലായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഹദ്റത്ത് മുൻശി റുസ്തം അലി സാഹിബ് (റളിയല്ലാഹു അൻഹു)ന് എഴുതിയ ഒരു കത്തിൽ ഇങ്ങനെ രേഖപ്പെടുത്തി:

‘മുൻശി റുസ്തം അലി സാഹിബ് അല്ലാഹു താങ്കളെ സുരക്ഷിതനാക്കുമാറാകട്ടെ. അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും താങ്കളുടെമേൽ ഉണ്ടാകട്ടെ. മിയാൻ ഇമാമുദ്ദീൻ സാഹിബ് മുഖേന അയച്ച അമ്പത് രൂപ തനിക്ക് ലഭിച്ചു. താങ്കളും ചൗധരി മുഹമ്മദ് ബഖ്ശ് സാഹിബും നടത്തിയ എല്ലാ പരിശ്രമങ്ങൾക്കും പ്രതിഫലമായി, മഹത്വവാനും സ്തുത്യർഹനും പരമ ഉദാരനുമായ നാഥൻ താങ്കൾക്ക് മഹത്തായ പ്രതിഫലം നല്കുകയും ഇഹലോകത്തും പരലോകത്തും വിജയം നല്കുകയും ചെയ്യട്ടെ. ഈ കത്ത് എഴുതുന്ന സമയത്ത് ഇവിടെ എല്ലാം സുഖമാണ്. ഇതോടൊപ്പം, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്റെ സ്ഥിതിവിവരങ്ങളും അദ്ദേഹത്തെ അറിയിച്ചു.’’ (മക്തൂബാത്തെ അഹ്മദ്, വാല്യം 2, പേജ് 467–468)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം, ആരെങ്കിലും തനിക്കു വേണ്ടി ചെയ്ത സഹായം എത്ര ചെറുതായിരുന്നാലും, ഓരോ കാര്യത്തിനും ഓരോ വ്യക്തിയോടും നന്ദി പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന് ലഭിക്കുന്ന ഓരോ ചെറിയ സഹായം പോലും അദ്ദേഹം നന്ദിയോടെ സ്വീകരിക്കുകയും അതിന് പ്രതിഫലമായി പ്രാർഥിക്കുകയും ചെയ്തു.

ഹദ്റത്ത് മിയാൻ മീറാൻ ബഖ്ഷ് സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്ന മറ്റൊരു സംഭവമുണ്ട്:

‘1897, 1898 കാലഘട്ടത്തിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കൈയിൽ ബൈഅത്ത് ചെയ്തു. എന്നാൽ കുറച്ചു കാലത്തേക്ക് ഞാൻ ഇക്കാര്യം എന്റെ പിതാവിനോട് പറഞ്ഞിരുന്നില്ല. പക്ഷേ, എത്രകാലം ഈ കാര്യം മറച്ചുവെക്കാൻ കഴിയും ? അവസാനം വിവരം പുറത്തറിഞ്ഞപ്പോൾ, എന്റെ പിതാവ് എന്നെ അംഗീകരിക്കാൻ വിസമ്മതിക്കുകയും വീട്ടിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അദ്ദേഹം പറ

ഞ്ഞു: 'നീ അഹ്മദിയായിരിക്കുന്നു. എന്റെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകൂ.' എല്ലാം നൽകുന്ന അല്ലാഹുവിൽ വിശ്വാസമർപ്പിച്ച് ഞാൻ ഒരു കട വാടകക്കെടുത്തു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരുന്നെങ്കിലും, എന്റെ കഴിവിനും സാഹചര്യത്തിനും അനുസരിച്ച് എങ്ങനെയെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനായി ഒരു വസ്ത്രം തയ്യാറാക്കണം, അത് എന്റെ കൈകൊണ്ട് തന്നെ തയ്ച്ച് (ഞാൻ ഒരു തയ്യൽക്കാരനായിരുന്നു), അദ്ദേഹത്തിന് സമ്മാനിക്കണം എന്ന ശക്തമായ ആഗ്രഹം എന്റെ ഹൃദയത്തിലുണ്ടായിരുന്നു.

ഈ ചിന്തയോടെ ഞാൻ മസ്‌ലിൻ കുർത്ത, ശൽവാർ, കറുത്ത കോട്ട്, മസ്‌ലിൻ തലപ്പാവ് എന്നിവയ്ക്ക് തുണി വാങ്ങി. അവയെല്ലാം ഞാൻ തന്നെ തയ്ച്ച് ഒരു സെറ്റ് തയ്യാറാക്കി. പിന്നീട് പലവിധത്തിൽ പണം സമാഹരിച്ച് യാത്രച്ചെലവിനുള്ള തുക എങ്ങനെയോ കണ്ടെത്തി ഖാദിയാനിലേക്ക് യാത്രയായി. അടുത്ത ദിവസം വെള്ളിയാഴ്ചയായിരുന്നു. സാധിക്കുമെങ്കിൽ, അന്നുതന്നെ ഈ ലളിതമായ സമ്മാനം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് സമർപ്പിക്കണം എന്ന് ഈ വിനീത ദാസനായ ഞാൻ ആഗ്രഹിച്ചു. ഒരു പക്ഷേ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ജുമുഅ നമസ്കാരത്തിന് മുമ്പ് അത് ധരിക്കുകയും, അങ്ങനെ ഈ ദരിദ്രന്റെ ഹൃദയത്തിന് സന്തോഷം നൽകുകയും ചെയ്തേക്കാം എന്ന് ഞാൻ ചിന്തിച്ചു.

എങ്ങനെ ഈ ആഗ്രഹം സാധ്യമാക്കാമെന്ന് ചിന്തിച്ചുകൊണ്ട് ഞാൻ ഖാസി സിയാഉദ്ദീൻ സാഹിബിന്റെ കടയിലെത്തി. എന്റെ ഹൃദയംഗമമായ ആഗ്രഹം അദ്ദേഹത്തോട് പറഞ്ഞു. അത് കേട്ടയുടൻ അദ്ദേഹം പറഞ്ഞു: 'വരൂ, ഞാൻ നിങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ അടുത്തേക്ക് കൊണ്ടുപോകാം.'

'അദ്ദേഹം ഉടൻ എഴുന്നേറ്റ് എന്നെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്നിധിയിലേക്ക് കൊണ്ടുപോയി. ആ സമയത്ത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു ബെഞ്ചിൽ ഇരുന്ന് എന്തോ എഴുതുകയായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഖാജാ കമാലുദ്ദീൻ സാഹിബ് ഒരു പായയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ രണ്ടു പേരും ഖാജാ സാഹിബിന്റെ അടുത്ത് ഇരുന്നു. ഞാൻ വന്നതിന്റെ കാര്യം ഖാജാ സാഹിബ് ചോദിച്ചു. അപ്പോൾ ഖാസിസാഹിബ് എന്റെ ആഗ്രഹം അദ്ദേഹത്തോട് വിശദീകരിച്ചു. കുറച്ചു സമയം ഖാജാ സാഹിബ് നിശ്ശബ്ദനായി ഇരുന്നു. പിന്നീട് എന്നോട് പറഞ്ഞു: 'എങ്കിൽ, ഞാൻ താങ്കൾക്കു വേണ്ടി വാദിക്കട്ടെയോ?' ഖാജാസാഹിബ് ഒരു അഭിഭാഷകനായിരുന്നു. അതിനാൽ ഈ അവസരത്തിലും അദ്ദേഹം തന്റെ തൊഴിൽ രംഗത്തെ ഭാഷയാണ് ഉപയോഗിച്ചത്.

ഞാൻ മറുപടി നൽകി: 'അത് അങ്ങയുടെ വലിയ ഔദാര്യമായിരിക്കും. ദയവായി എനിക്കു വേണ്ടി വാദിക്കണം.'

അപ്പോൾ ഖാജാ സാഹിബ് എന്റെ കൈയിൽ നിന്ന് വസ്ത്രങ്ങൾ വാങ്ങി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് സമർപ്പിച്ചു. അതോടൊപ്പം അദ്ദേഹം പറഞ്ഞു: 'ഹുസൂർ, ഈ ബാലൻ അങ്ങ് ഈ വസ്ത്രങ്ങൾ ധരിച്ച് അതിൽ ജുമുഅ നമസ്കാരം നിർവഹിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.'

ഇത് കേട്ടയുടൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വസ്ത്രങ്ങൾ എടുത്ത് ധരിക്കാൻ തുടങ്ങി. എന്നാൽ കോട്ട് ധരിച്ചപ്പോൾ അത് വളരെ ഇറുകിയതായിരുന്നു. ഞാൻ വിനയപൂർവം പറഞ്ഞു: 'ഹുസൂർ, കോട്ട് വളരെ ഇറുകിയതാണ്. അങ്ങ് അത് ഊരിയാൽ, ഞാൻ കുറച്ചുകൂടി വലുതാക്കാം.'

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അവിടെ വെച്ച് അത് ധരിച്ചതാവണമെന്നില്ല. തന്റെ ജോലി നിർത്തി വെച്ച് വസ്ത്രം ധരിച്ചശേഷം അവരുടെ അറ്റടുത്ത് വന്നതാവാം.. അദ്ദേഹം പറയുന്നു: 'മസീഹ് മൗഊദ് അലൈഹിസ്സലാം കോട്ട് ഊരി എനിക്ക് തന്നു. ഞാൻ ഉടൻ എഴുന്നേറ്റ് ചന്തയിലേക്ക് പോയി. ഒരു തയ്യൽക്കാരന്റെ കടയിൽ ഇരുന്ന് കോട്ടിന്റെ മുഴുവൻ പുറംഭാഗവും അഴിച്ചു വിടർത്തി. പിന്നീട് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്നിധിയിലേക്ക് മടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വീണ്ടും കോട്ട് ധരിച്ചു. എന്നാൽ അപ്പോഴും കോട്ടിന്റെ ബട്ടണുകൾ അദ്ദേഹത്തിന് ഇഷ്ടപ്പെട്ട രീതിയിൽ ചേർത്ത് ശരിയായി അടയ്ക്കാൻ കഴിയുന്നില്ലായിരുന്നു. എന്നിരുന്നാലും, എന്റെ മനസ്സിന് വിഷമമുണ്ടാകാതിരിക്കാനായി, ആ വസ്ത്രങ്ങൾ യഥാർത്ഥത്തിൽ ധരിക്കാൻ അനുയോജ്യമാണോ അല്ലയോ എന്നൊന്നും പരിഗണിക്കാതെ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വലിച്ചും ക്രമപ്പെടുത്തിയും ബട്ടണുകൾ ഇടുകയുണ്ടായി.'' (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 1, പേജ് 368-369)

അടുത്തിടെ അഹ്മദിയായിത്തീർന്നതും ഒരു സമ്മാനവുമായി വന്നതുമായ ആ യുവാവിന്റെ മനസ്സിന് വിഷമമുണ്ടാകാതിരിക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആ അവസ്ഥയിലും കോട്ട് ധരിച്ചത്. മാത്രമല്ല, അദ്ദേഹത്തോട് വളരെ സ്നേഹപൂർവം നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് മിയാൻ സൈഫുല്ലാഹ് സാഹിബ് (റളിയല്ലാഹു അൻഹു) വിവരിക്കുന്നു: 'ഒരിക്കൽ ഞാൻ ഖാദിയാനിലേക്ക് പോയി. ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ മുമ്പിൽ അമ്പതോ അറുപതോ രൂപയുടെ ഒരു നാണയ കൂമ്പാരം വെച്ചു. എന്നാൽ അദ്ദേഹം അത് ശ്രദ്ധിക്കുക പോലും ചെയ്തില്ല.''

സാധാരണയായി, ആളുകൾ എന്തെങ്കിലും സമ്മാനിക്കുമ്പോൾ അദ്ദേഹം നന്ദി പ്രകടിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ ആ അവസരത്തിൽ എന്തെങ്കിലും പ്രത്യേക കാരണമുണ്ടായിരിക്കാം. എന്തായാലും, ആ വ്യക്തി പണമാണ് സമർപ്പിച്ചതെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അതിലേക്ക് യാതൊരു ശ്രദ്ധയും നൽകിയില്ലെന്ന് അദ്ദേഹം വിവരിക്കുന്നു.

'അതിനിടയിൽ, ഹിന്ദുവായ ഒരു വൃദ്ധ ഒരു കുട്ടിയുമായി അവിടെ എത്തി. ഒരു തുണിക്കഷണത്തിൽ ഒരു കഷണം ശർക്കര കെട്ടിവെച്ചാണ് അവർ വന്നിരുന്നത്. ആ സ്ത്രീ വിനയപൂർവം പറഞ്ഞു: 'ഹുസൂർ, ഈ കുട്ടി അങ്ങേക്കായി ഈ ശർക്കര കൊണ്ടു വന്നതാണ്. ദയവായി അവനുവേണ്ടി പ്രാർഥിക്കണം.'

'ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറഞ്ഞു: 'വളരെ നല്ലത്.' വളരെ സന്തോഷത്തോടെ കുട്ടിയുടെ കയ്യിൽ നിന്ന് തുണിയോടു കൂടിയ ആ ശർക്കര എടുത്ത് തന്റെ തോളിൽ വെച്ചു.'' (രിവായത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 453)

അങ്ങനെ, ആ ദരിദ്രനായ കുട്ടി കൊണ്ടുവന്നത് വളരെ സാധാരണമായ ഒരു സമ്മാനം മാത്രമായിരുന്നിട്ടും, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വളരെ വലിയ മതിപ്പോടെയാണ് അത് സ്വീകരിച്ചത്. അതിന് നന്ദി പ്രകടിപ്പിക്കുകയും ആ കുട്ടിക്കുവേണ്ടി പ്രാർഥിക്കുകയുംചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്റെ ഒരു കത്തിൽ അഹ്മദികളോട് ഇങ്ങനെ പറയുന്നു:

'എല്ലാറ്റിനും മുമ്പായി, അല്ലാഹു തആലയോടുള്ള നന്ദിയാണ് എന്റെ ഹൃദയം നിറയ്ക്കുന്നത്. കാരണം, അവൻ എന്റെ ജമാഅത്തിന് ആത്മാർഥമായ ദൃഢനിശ്ചയവും സ്നേഹവും സഹാനുഭൂതിയും നൽകിയിരിക്കുന്നു. അല്ലാഹുതആലയുടെ കൃപ അവരോടൊപ്പം ഇല്ലായിരുന്നുവെങ്കിൽ, സഹാബിമാരുടെ (റദിയല്ലാഹു അൻഹും) പാത പിന്തുടർന്ന് ഇത്രയധികം അനുസരണബോധം പ്രകടിപ്പിക്കാനുള്ള അവസരം അവർക്ക് ഒരിക്കലും ലഭിക്കുമായിരുന്നില്ല. സ്വന്തം സാമ്പത്തിക ബുദ്ധിമുട്ടുകളും പരിമിതമായ വരുമാനം മാത്രവുമായിരുന്നിട്ടും, തങ്ങളുടെ കഴിവിനപ്പുറവും അവർ ദീനിന്റെ സാമ്പത്തിക സേവനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു.

അല്ലാഹുതആല അവരുടെ സമ്പത്തിൽ മുഴുവനും ബർക്കത്ത് നൽകട്ടെ. മതപരമായ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി അവർ നൽകുന്ന സഹായവും സേവനവും ഇഹലോകത്തും പരലോകത്തും അവരുടെ ക്ഷേമത്തിനുള്ള മാർഗമായിമാറട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു.''(മക്തൂബാത്തെ അഹ്മദ്, വാല്യം 5, പേജ് 365)

തുടർന്ന്, ഉപദേശം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: 'അല്ലാഹു തആലയുടെ സൃഷ്ടികളോട് ദയയും കരുണയും കാണിക്കുക എന്നത്, വാസ്തവത്തിൽ, സർവശക്തനായ അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ചിട്ടുള്ളവർ അവനോട് നന്ദി പ്രകടിപ്പിക്കുന്നതിനുള്ള മാർഗമാണ്. അല്ലാഹു തങ്ങൾക്ക് നൽകിയ കൃപയെക്കുറിച്ച് അവർ അഹങ്കരിക്കരുത്. ദരിദ്രരെ ക്രൂരമായി മർദിക്കുന്ന അപരിഷ്കൃതരും സംസ്കാരമില്ലാത്തവരുമായ മൃഗതുല്യർ ആകരുത് അവർ.''(മൽഫൂസാത്ത്, വാല്യം 7, പേജ് 468)

ഇപ്രകാരം, ദരിദ്രരെ സഹായിക്കുന്നതിലേക്കും ഹദ്റത്ത് മസീഹ്മൗഊദ് അലൈഹിസ്സലാം പ്രത്യേകം ശ്രദ്ധ ക്ഷണിച്ചു.

അല്ലാഹു തആലയിൽ നിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ, ചിലപ്പോൾ ആളുകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ മുൻകൂട്ടി അവരെ അറിയിക്കുകയും ചെയ്തിരുന്നു. അതുപോലെ തന്നെ, തന്റെ എതിരാളികളെക്കുറിച്ച് അല്ലാഹു തആലയിൽ നിന്ന് അറിവ് ലഭിച്ചപ്പോൾ, അവർക്ക് സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും അദ്ദേഹം അവരോട് പറഞ്ഞിരുന്നു.

എന്നാൽ ചില അവസരങ്ങളിൽ, അല്ലാഹുതആലയുടെ ഹിക്മത്ത് നിമിത്തം, ആ കാര്യങ്ങൾ സംഭവിക്കാൻ കുറച്ച് സമയം വേണ്ടിവന്നു. അത്തരം സന്ദർഭങ്ങളിൽ, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആശങ്കപ്പെടുകയും പ്രാർഥനയിൽ മുഴുകുകയും ചെയ്യുമായിരുന്നു. കാരണം, പ്രവചിച്ച കാര്യം വൈകുന്നതിനെച്ചൊല്ലി എതിരാളികൾ വലിയ ബഹളം സൃഷ്ടിച്ചേക്കുമോ എന്ന ആശങ്ക അദ്ദേഹത്തിനുണ്ടായിരുന്നു.

എന്നാൽ അവസാനം ആ കാര്യം സംഭവിച്ചു കഴിഞ്ഞാൽ, അത്യന്തം നന്ദിയോടെ അദ്ദേഹം അല്ലാഹുതആലയുടെ മുമ്പിൽ സജദയിൽ വീഴുമായിരുന്നു.

ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: 'ഒരിക്കൽ, ശരംപത് ഖത്രിയുടെ സഹോദരനായ ബിശംബർ ദാസിനെക്കുറിച്ച് ഞാൻ ഒരു പ്രവചനം നടത്തിയിരുന്നു. അദ്ദേഹം ഉൾപ്പെട്ടിരുന്ന ക്രിമിനൽ കേസിൽ പൂർണ്ണമായും കുറ്റവിമുക്തനാകുകയില്ലെങ്കിലും, അദ്ദേഹത്തിന് ലഭിക്കുന്ന തടവുശിക്ഷ പകുതിയായി കുറയുമെന്ന് ഞാൻ പ്രവചിച്ചിരുന്നു.

'പിന്നീട്, പ്രവചനത്തിൽ സൂചിപ്പിച്ചതുപോലെ ബിശംബർ ദാസ് തന്റെ തടവുശിക്ഷയുടെ പകുതി കാലാവധി പൂർത്തിയാക്കി മോചിതനായപ്പോൾ, അദ്ദേഹത്തിന്റെ ബന്ധുക്കൾ ബിശംബർ ദാസ് കുറ്റവിമുക്തനായെന്ന് വ്യാജമായി പ്രചരിപ്പിച്ചു.

'അത് രാത്രിയായിരുന്നു. നമസ്കാരം നിർവഹിക്കുന്നതിനായി ഞാൻ നമ്മുടെ പ്രധാന പള്ളിയിലേക്ക് പോയിരുന്നു. അപ്പോൾ ഖാദിയാനിൽ താമസിച്ചിരുന്ന അലി മുഹമ്മദ് എന്ന മൗലവി പള്ളിയിൽ വെച്ച് ബിശംബർ ദാസ് കുറ്റ വിമുക്തനായെന്നും, ചന്തയിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടിരിക്കുകയാണെന്നും എന്നോട് പറഞ്ഞു.

'ഈ വാർത്ത കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. പക്ഷപാതികളായ ഹിന്ദുക്കൾ ഇനി എതിർപ്പുമായി രംഗ

ത്തു വരുമെന്നും, 'ബിശംബർ ദാസ് കുറ്റവിമുക്തനാകുകയില്ലെന്ന് നിങ്ങൾ പ്രവചിച്ചിരുന്നില്ലേ? ഇപ്പോൾ അദ്ദേഹം കുറ്റവിമുക്തനായിരിക്കുന്നുവെന്ന് മനസ്സിലാക്കുക!' എന്ന് പറയുമെന്നും ഞാൻ ഭയപ്പെട്ടു.

'ഈ ദു:ഖത്തിന്റെ സമ്മർദത്തിൽ, നമസ്കാരത്തിലെ ഓരോ റക്അത്തും ഒരു വർഷം നീണ്ടു നിൽക്കുന്നതു പോലെ എനിക്ക് അനുഭവപ്പെട്ടു. ഓരോ റക്അത്തിന്റെ അവസാനത്തിലും സജദയിൽ വീഴുമ്പോൾ എന്റെ വിഷമം അതിന്റെ പാരമ്യത്തിലെത്തി. അപ്പോൾ അതേ സജദയുടെ അവസ്ഥയിൽ, അല്ലാഹു തആല എന്നോട് ഉച്ചത്തിൽ അരുളിച്ചെയ്തു:

لَا تَخَفْ إِنَّكَ أَنْتَ الْأَعْلَىٰ

'ഭയപ്പെടേണ്ട; തീർച്ചയായും നീ തന്നെയാണ് വിജയി.'

'ഇതിനു ശേഷം, ഈ പ്രവചനം എങ്ങനെയാണ് പൂർത്തിയാകുന്നതെന്ന് കാണാൻ ഞാൻ കാത്തിരുന്നു. എന്നാൽ യാതൊരു അടയാളവും പ്രത്യക്ഷപ്പെട്ടില്ല. ബിശംബർ ദാസ് കുറ്റവിമുക്തനായെന്നത് സത്യമാണോ എന്ന് ഞാൻ അതേ ശരംപതിനോട് വീണ്ടും വീണ്ടും ചോദിച്ചു. ഓരോ തവണയും അയാൾ അതേ എന്ന് മറുപടി തന്നു: 'അതെ, അയാൾ യഥാർത്ഥത്തിൽ കുറ്റവിമുക്തനായിട്ടുണ്ട്. ഞാൻ എന്തിന് കള്ളം പറയണം?'

'ഗ്രാമത്തിൽ ഞാൻ ആരോടൊക്കെ ചോദിച്ചാലും, 'അയാൾ കുറ്റവിമുക്തനായതായി ഞങ്ങളും കേട്ടിട്ടുണ്ട്' എന്നായിരുന്നു മറുപടി.

'ഇതിനിടെ ഏകദേശം ആറുമാസം കടന്നുപോയി. പതിവുപോലെ ചില കുഴപ്പക്കാരായ ആളുകൾ പരിഹസിക്കുകയും കളിയാക്കുകയും ചെയ്തു. എന്നാൽ ശരംപത് എന്നെ പരിഹസിക്കുകയോ കളിയാക്കുകയോ ചെയ്തില്ല. ആ അവസരത്തിൽ അയാൾ എന്നോട് മാന്യമായി പെരുമാറിയിരുന്നു.

'എങ്കിലും, അയാളുടെ മുമ്പിൽ എനിക്ക് ലജ്ജ തോന്നിയിരുന്നു. കാരണം, അയാളുടെ സഹോദരൻ കുറ്റവിമുക്തനാകില്ലെന്ന വാർത്ത ഞാൻ എത്ര ഉറപ്പോടെയാണ് അയാളെ അറിയിച്ചിരുന്നത്! ഇപ്പോൾ സ്ഥിതി ഇത്രത്തോളം മാറിയിരിക്കുന്നു!

'ഇതെല്ലാം ഉണ്ടായിരുന്നിട്ടും, എന്റെ ദൈവത്തിൽ എനിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അവൻ തന്റെ ദൈവികപരിപാലനത്തിന്റെ ഏതെങ്കിലും ഒരു അടയാളം പ്രകടമാക്കുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ഒരു പക്ഷേ കുറ്റവിമുക്തനായ ശേഷം ബിശംബർ ദാസ് വീണ്ടും അറസ്റ്റിലാകുമായിരിക്കാം എന്നും ഞാൻ കരുതി. എന്നാൽ, അദ്ദേഹത്തിന്റെ കുറ്റവിമുക്തിയെക്കുറിച്ചുള്ള വാർത്ത തന്നെ ഒരു കെട്ടിച്ചമച്ച നുണയാണെന്ന് എനിക്ക് അറിയില്ലായിരുന്നു.

'അങ്ങനെയിരിക്കെ, നേരത്തെ ഞാൻ പരാമർശിച്ചിട്ടുള്ള ബട്ടാലയിലെ ഒരു തഹസിൽദാർ, ഹാഫിസ് ഹിദായത്ത് അലി, ഔദ്യോഗിക ആവശ്യത്തിനായി രാവിലെ എട്ട് മണിയോടെ ഖാദിയാനിലെത്തി. ഖാദിയാൻ ബട്ടാല താലൂക്കിന്റെ ഭാഗമായിരുന്നു.

'അദ്ദേഹം ഞങ്ങളുടെ വീട്ടിലെത്തി. കുതിരയിൽ നിന്ന് ഇറങ്ങുന്നതിന് മുമ്പുതന്നെ, പതിവുപോലെ അദ്ദേഹത്തെ അഭിവാദ്യം ചെയ്യാൻ ഏതാനും ഹിന്ദുക്കളും അവിടെ ഒത്തുകൂടി. അവരുടെ കൂട്ടത്തിൽ ബിശംബർ ദാസും ഉണ്ടായിരുന്നു.

ബിശംബർ ദാസിനെ കണ്ട തഹസിൽദാർ പറഞ്ഞു: 'ബിശംബർ ദാസ്, നിങ്ങൾ ജയിലിൽനിന്ന് മോചിതനായെന്ന വാർത്ത കേട്ടതിൽ എനിക്ക് സന്തോഷമുണ്ടായിരുന്നു. എന്നാൽ, അയ്യോ! നിങ്ങൾ കുറ്റവിമുക്തനായിട്ടില്ലല്ലോ.'

ഇത് കേട്ടയുടൻ ഞാൻ അല്ലാഹുവിനോടുള്ള നന്ദിയുടെ സജദയിൽ വീണു. ഉടൻതന്നെ ഞാൻ ശരംപതിനെ വിളിച്ചുവരുത്തി. ഇത്രയുംകാലം ബിശംബർ ദാസ് കുറ്റവിമുക്തനായെന്ന് എന്നോട് കള്ളം പറഞ്ഞ് യാതൊരു കാരണവുമില്ലാതെ എന്നെ വിഷമിപ്പിച്ചതെന്തിനാണെന്ന് ഞാൻ ചോദിച്ചു.

അദ്ദേഹം പറഞ്ഞു: 'ഒരു പ്രത്യേക കാരണത്താലാണ് എനിക്ക് കള്ളം പറയേണ്ടിവന്നത്. പുതിയ വിവാഹ ബന്ധങ്ങൾ ആലോചിക്കുമ്പോൾ, ഞങ്ങളുടെ സമുദായത്തിലെ ആളുകൾ ചെറിയ ചെറിയ കുറ്റങ്ങൾ പോലും വളരെ ഗൗരവത്തോടെ പരിഗണിക്കാറുണ്ട്. ഒരാൾ എന്തെങ്കിലും തെറ്റ് ചെയ്തതായി തെളിയുകയാണെങ്കിൽ, പെൺകുട്ടിയുടെ കുടുംബത്തെ വിവാഹത്തിന് സമ്മതിപ്പിക്കുക വളരെ പ്രയാസമാണ്. ഈ കാരണത്താലാണ് ഞാൻ യഥാർഥ വസ്തുതകൾ മറച്ചുവെക്കുകയും ഈ കള്ളവാർത്ത പ്രചരിപ്പിക്കുകയും ചെയ്തത്.'" (ഹഖീഖത്തുൽ വഹ്യ്, പേജ് 380–382)

തന്റെ ഒരു അടയാളത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു: 'പണ്ഡിറ്റ് ദയാനന്ദിന്റെ അനുയായികളായ ചില ആര്യന്മാരുടെ സാന്നിധ്യത്തിൽ ഒരു പ്രവചനം പൂർത്തിയായി. അതിന്റെ വിശദമായ വിവരണം വായനക്കാർക്ക് പ്രയോജനകരമാകുമെന്നതിനാൽ ഇവിടെ രേഖപ്പെടുത്തുന്നു. ഇതിന്റെ വിവരണം കുറച്ചു കൂടി ദൈർഘ്യമുള്ളതായാലും, ഇസ്ലാമിന്റെ മഹത്വത്തെക്കുറിച്ച് അറിയാത്ത ആളുകളുടെ പ്രയോജനത്തിനായാണ് ഇത് രേഖപ്പെടുത്തുന്നത്.

'ഈ പ്രവചനം പൂർത്തിയാകുന്നതിന് മുമ്പ് അസാധാരണമായ ബുദ്ധിമുട്ടുകളും അനഭിലഷണീയമായ സംഭവങ്ങളും ഉണ്ടായി. (ഇസ്ലാമിന്റെ മഹത്വം പ്രകടമാക്കുകയും തിരുനബി ﷺയുടെ പതാക ലോകത്ത് ഉയർത്തുകയും ചെയ്യുന്നതിനായാണ് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഈ പ്രവചനം അവതരിപ്പിച്ചത്.)

'ഒടുവിൽ, കരുണാമയനായ അല്ലാഹു എല്ലാ ബുദ്ധിമുട്ടുകളും നീക്കുകയും 1883 സെപ്റ്റംബർ 10 തിങ്കളാഴ്ച ഈ പ്രവചനം പൂർത്തീകരിക്കുകയും ചെയ്തു.

'ഇതിന്റെ വിശദാംശം ഇപ്രകാരമാണ്: 1883 സെപ്റ്റംബർ 6 വ്യാഴാഴ്ച, ആവശ്യമായിരുന്ന അതേ സമയത്ത് വിനീത ദാസനായ എനിക്ക് ആശ്വാസം നൽകുന്നതിനായി, കരുണാമയനായ അല്ലാഹു തന്റെ അനുഗൃഹീതമായ വചനത്തിലൂടെ സന്തോഷവാർത്ത നൽകി:

بست وَیَک روپیہ

'ഇരുപത്തിയൊന്ന് രൂപ വരുന്നു' .

ഈ സന്തോഷ വാർത്തയ്ക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. ലഭിക്കാനിരിക്കുന്ന കൃത്യമായ തുക അതിൽ വ്യക്തമാക്കിയിരുന്നു. ഒരു നിശ്ചിത തുക കൃത്യമായി മുൻകൂട്ടി അറിയിക്കുക എന്നത് അദൃശ്യകാര്യങ്ങൾ അറിയുന്ന അല്ലാഹുവിന് മാത്രം പ്രത്യേകമായുള്ള കാര്യമാണ്; മറ്റാർക്കും അങ്ങനെ ചെയ്യാൻ കഴിയില്ല. (കൃത്യമായ തുകതന്നെ മുൻകൂട്ടി വെളിപ്പെടുത്തപ്പെട്ടത് സാധാരണമായ ഒരു കാര്യമല്ലായിരുന്നു.)

'ഇതിനേക്കാൾ അത്ഭുതകരമായ മറ്റൊരു പ്രത്യേകതയും ഉണ്ടായിരുന്നു: ഈ തുക അസാധാരണമായ ഒരു തുകയായിരുന്നു. കാരണം, ആ പുസ്തകത്തിന് നിശ്ചയിച്ചിരുന്ന വിലയുമായി ഈ തുകയ്ക്ക് യാതൊരു ബന്ധവുമില്ലായിരുന്നു. (ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരിക്കലും ഈ തുകയെക്കുറിച്ച് ചിന്തിച്ചിട്ടു പോലുമുണ്ടായിരുന്നില്ല.)

'ഈ പ്രത്യേകതകൾ കണക്കിലെടുത്ത്, ഈ വെളിപാട് ചില ആര്യന്മാരെ മുൻകൂട്ടി അറിയിച്ചു.''

തുടർന്ന്, 1883 സെപ്റ്റംബർ 10ന് മൂന്നാം തവണയും വളരെ ശക്തമായ രീതിയിൽ ഈ വെളിപാട് ലഭിച്ചു:

بَسْتْ وَ یَکْ روپیہ آئے ہیں

'ഇരുപത്തിയൊന്ന് രൂപ വന്നിരിക്കുന്നു.''


ഈ വെളിപ്പെടുത്തലിൽനിന്ന്, പ്രവചനം അതേ ദിവസം തന്നെ നിറവേറുമെന്ന് മനസ്സിലാക്കപ്പെട്ടു. ഈ വെളിപാട് ലഭിച്ച് മൂന്ന് മിനിറ്റ് പോലും കഴിഞ്ഞിട്ടുണ്ടാകില്ല; അപ്പോഴേക്കും ചികിൽസയിൽ ഉണ്ടായിരുന്ന വസീർ സിംഗ് എന്ന ഒരാൾ അവിടെ എത്തി, എത്തിയ ഉടൻ ഒരു രൂപ സമ്മാനമായി നൽകി.

ഈ വിനീതനായ ഞാൻ ചികിത്സകനായി പ്രാക്ടീസ് ചെയ്യുന്ന ആളല്ല. എന്നാൽ വല്ലപ്പോഴും ഏതെങ്കിലും രോഗി വരികയും, അയാൾക്ക് നൽകാൻ പറ്റിയ മരുന്നിനെക്കുറിച്ച് എനിക്ക് എന്തെങ്കിലും മനസ്സിലാകുകയും ചെയ്താൽ, അല്ലാഹുവിന്റെ പ്രീതിയും അനുഗ്രഹവും നേടുക എന്ന ഏക ലക്ഷ്യത്തോടെ ഞാൻ ആ മരുന്ന് നൽകാറുണ്ട്. (സാധാരണയായി ഇതിന് പണം സ്വീകരിക്കാറില്ലായിരുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം പറയുന്നു.) എന്നാൽ ഈ രൂപ ഞാൻ സ്വീകരിച്ചു. കാരണം, അത് പെട്ടെന്ന് എന്റെ മനസ്സിൽ ആ പ്രവചനത്തിന്റെ ഇരുപത്തിയൊന്ന് രൂപ ലഭിക്കുമെന്ന പ്രവചനത്തിന്റെ ഒരു ഭാഗമാണെന്ന ചിന്ത ഉണർത്തി.

തുടർന്ന്, ബാക്കി തുക തപാൽ ഓഫീസ് വഴി ലഭിച്ചേക്കാമെന്ന് കരുതി, വിശ്വസ്തനായ ഒരാളെ തപാൽ ഓഫീസിലേക്ക് അയച്ചു. അവിടെയുള്ള ഹിന്ദുവായ തപാൽ ജീവനക്കാരൻ പറഞ്ഞു: 'എന്റെ കൈയിൽ അഞ്ച് രൂപയുടെ ഒരു മണിഓർഡർ മാത്രമാണുള്ളത്. അതിനോടൊപ്പം ഒരു പോസ്റ്റ് കാർഡും വന്നിട്ടുണ്ട്; അത് ഡേറാ ഘാസിഖാനിൽ നിന്നാണ് വന്നത്. എന്നാൽ ഇപ്പോൾ എന്റെ കൈയിൽ പണം ഇല്ല. പണം ലഭിച്ച ഉടൻ ഞാൻ അത് അയച്ചുതരാം.''

ഈ വിവരം ലഭിച്ചപ്പോൾ എനിക്ക് ഉണ്ടായ അതിശയവും അസ്വസ്ഥതയും വാക്കുകളിൽ വിവരിക്കാനാവാത്തതായിരുന്നു. (ഇതിന് കാരണം, ഇസ്ലാമിന്റെ സത്യത തെളിയിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഈ പ്രവചനം അമുസ്ലിംകളുടെ മുമ്പാകെ നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്നു എന്നതായിരുന്നു.)

• ഹദീഥുന്നബ്വി ﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ

SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

• ഹദീഥുന്നബ്വി ﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ഈ അസ്വസ്ഥതയ്ക്കിടയിൽ ഞാൻ തലകുനിച്ച് ചിന്തിച്ചു: 'അഞ്ചും ഒന്നും ചേർന്നാൽ ആറ് മാത്രമേ ആകൂ; പിന്നെ ഇത് എങ്ങനെ ഇരുപത്തിയൊന്നായി മാറും?'' ഈ വിഷയത്തിൽ ഞാൻ അല്ലാഹുവിനോട് പ്രാർഥിച്ചു.

ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് എനിക്ക് ഈ വെളിപാടു ലഭിച്ചു:

بَسْتْ وَ يَكْ آئے ہیں اس میں شک نہیں

'ഇരുപത്തിയൊന്ന് വന്നിരിക്കുന്നു; ഇതിൽ യാതൊരു സംശയവുമില്ല.''

അന്നേ ദിവസം ഈ വെളിപാട് ലഭിച്ച് ആറുമണിക്കൂർ പോലും കഴിഞ്ഞിരുന്നില്ല. തപാൽ ജീവനക്കാരൻ പറഞ്ഞ കാര്യം കേട്ടിരുന്ന ഒരു ആര്യൻ യാദൃച്ഛികമായി തപാൽ ഓഫീസിൽ എത്തി. സംഭാഷണത്തിനിടെ തപാൽ ജീവനക്കാരൻ അയാളോട് പറഞ്ഞു: 'വാസ്തവത്തിൽ ഇരുപത് രൂപയാണ് വന്നിരിക്കുന്നത്. പക്ഷേ നാവു പിഴവുകൊണ്ട് ഞാൻ അഞ്ച് രൂപ എന്നാണ് പറഞ്ഞു പോയത്.''

അങ്ങനെ, മുൻഷി ഇലാഹി ബഖ്ഷ്, അക്കൗണ്ടന്റ്, അയച്ച ഇരുപത് രൂപയും അതോടൊപ്പം ഒരു പോസ്റ്റ്കാർഡും ആ ആര്യൻ കൊണ്ടുവന്നു. പിന്നീട് പരിശോധിച്ചപ്പോൾ, ആ പോസ്റ്റ്കാർഡ് മണിഓർഡറിനോട് ചേർത്തിരുന്നില്ലെന്നും, പണം യഥാർത്ഥത്തിൽ എത്തിയിരുന്നുവെന്നും വ്യക്തമായി.

കൂടാതെ, തപാൽ ഓഫീസിൽ സൂക്ഷിച്ചിരുന്ന രസീതിൽ മുൻഷി ഇലാഹി ബഖ്ഷിന്റെ കൈയെഴുത്തിൽ രേഖപ്പെടുത്തിയിരുന്നതിൽ നിന്ന്, ആ മണിഓർഡർ 1883 സെപ്റ്റംബർ 6ന് തന്നെ ഖാദിയാനിൽ എത്തിയിരുന്നുവെന്നും മനസ്സിലായി; അതായത്, വെളിപാട് ലഭിച്ച അതേദിവസം തന്നെ.

അങ്ങനെ, തപാൽ ജീവനക്കാരൻ പറഞ്ഞ മുഴുവൻ കാര്യവും തെറ്റാണെന്ന് തെളിഞ്ഞു. അതേസമയം, അദൃശ്യകാര്യങ്ങൾ അറിയുന്ന അല്ലാഹുവിന്റെ വെളിപാട് പൂർണ്ണമായും ശരിയാണെന്നും തെളിയിക്കപ്പെട്ടു.

അതിനാൽ, ഈ അനുഗ്രഹീത ദിനത്തിന്റെ സ്മരണയ്ക്കായി, ചില ആര്യന്മാർക്കും ഒരു രൂപ വിലവരുന്ന മധുര പലഹാരങ്ങൾ വിതരണം ചെയ്തു. (ഈ പ്രവചനം അവരോട് നേരത്തെ തന്നെ അറിയിച്ചിരുന്നതിനാൽ, അത് നിറവേറ്റപ്പെട്ടതിലുള്ള സന്തോഷത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആര്യന്മാർക്കും മധുരപലഹാരങ്ങൾ വിതരണംചെയ്തു.)

فَالْحَمْدُ لِلّٰہِ عَلٰی آلَائِہٖ وَنُعَمَائِہٖ ظَاهِرِهَا وَبَاطِنِهَا

'അതിനാൽ, പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ അനുഗ്രഹങ്ങൾക്കും അനുഗ്രഹദാനങ്ങൾക്കും അല്ലാഹുവിനാകുന്നു സ്തുതി.''

(ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, പേജ് 402-404)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തുടർന്ന് ഇപ്രകാരം പ്രസ്താവിക്കുന്നു: 'എനിക്ക് അനുകൂലമായി പ്രകടമായ അടയാളങ്ങൾ പ്രത്യക്ഷപ്പെടാത്ത ഒരു ജനതയും ഇല്ല; എന്റെ അടയാളങ്ങൾക്ക് സാക്ഷ്യം വഹിക്കാത്ത ഒരു വിഭാഗവും ഇല്ല. ഈ അടയാളങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നവരുടെ എണ്ണം പത്ത് കോടി വരെയാണെന്ന് പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയുമില്ല.

എന്നാൽ, ഈ അടയാളങ്ങളിൽ നിന്ന് യാതൊരു പ്രയോജനവും നേടാതിരുന്ന എതിരാളികളുടെ അവസ്ഥ തീർത്തും ദയനീയമാണ്. മർയമിന്റെ പുത്രനായ ഈസാ അലൈഹിസ്സലാമിന്റെ കാലത്ത് യഹൂദന്മാരുടെ മുമ്പിൽ ഈ അടയാളങ്ങൾ പ്രകടമായിരുന്നെങ്കിൽ, വിശുദ്ധ ഖുർആൻ അവരെ വിശേഷിപ്പിച്ചിരിക്കുന്നതു പോലെ അവഹേളിതരായി ശിക്ഷിക്കപ്പെട്ടവർ' എന്ന അവസ്ഥ അവർക്ക് ഉണ്ടാകുമായിരുന്നില്ല.

ലൂത്ത് അലൈഹിസ്സലാമിന്റെ ജനത ഈ അടയാളങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്നെങ്കിൽ, ആ ഭയാനകമായ ഭൂകമ്പത്തിന്റെ ഫലമായി അവർ ഭൂമിക്കടിയിൽ അടക്കം ചെയ്യപ്പെടുമായിരുന്നില്ല.

എന്നാൽ, കല്ലിനേക്കാൾ കഠിനമായിത്തീർന്ന ഈ ഹൃദയങ്ങൾക്ക് കഷ്ടം! അവരുടെ ഹൃദയങ്ങളെ മൂടിയിരിക്കുന്ന അന്ധകാരം എല്ലാത്തരം അന്ധകാരങ്ങളെയും കവച്ചുവെച്ചിരിക്കുന്നു.

വസ്തുത ഇതാണ്: ലോകം എല്ലാത്തരം ഭൗതിക സൗകര്യങ്ങളുടെയും മേഖലയിൽ പുരോഗതി കൈവരിച്ചതുപോലെ, അവിശ്വാസത്തിലും ദൈവനിഷേധത്തിലും അതേരീതിയിൽ തന്നെ മുന്നേറിയിരിക്കുന്നു. അതിനാൽ, ഈ 'പുരോഗമിച്ച' അവിശ്വാസത്തിന് സാധാരണമായ ഒരു ശിക്ഷ മതിയാകുകയില്ല; മറിച്ച്, ലോകത്തിന്റെ ആരംഭം മുതൽ ഇതുവരെ ഇറങ്ങിയിട്ടില്ലാത്ത തരത്തിലുള്ള ഒരു ശിക്ഷ തന്നെ അതിനെ ബാധിക്കേണ്ടതുണ്ട്.

എന്തായാലും, അല്ലാഹുവിന് ആയിരോപരി ആയിരം സ്തുതികൾ! നമ്മുടെ എതിരാളികൾ സ്വീകരിക്കാൻ വിസമ്മതിക്കുകയും അതിന്റെ മുമ്പിൽ അന്ധരായി തുടരുകയും ചെയ്ത ആ പ്രകാശം തന്നെയാണ് നമ്മുടെ കാഴ്ചയുടെയും ആത്മീയ ഉൾക്കാഴ്ചയുടെയും പുരോഗതിക്ക് കാരണമായത്. (ഹഖീഖത്തുൽ വഹ്യ്, പേജ് 378)

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഈ വാക്കുകൾ ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥത്തിലാണ് രേഖപ്പെടുത്തിയത്.

അല്ലാഹു തആലാ യഥാർഥമായ നന്ദിയുടെ ബോധം നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ. തിരുനബി ﷺയുടെ സത്യസന്ധനായ ദാസന് ബൈഅത്ത് ചെയ്യാനുള്ള അനുഗ്രഹം നമുക്ക് നൽകിയതിനു ശേഷം ഇനി യഥാർഥ ആത്മീയ പ്രകാശവും ഉൾക്കാഴ്ചയും ദൈവികജ്ഞാനവും കൂടി നമ്മിൽ വർഷിക്കുമാറാകട്ടെ. ആമീൻ.

മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

ദേശീയ ഇജ്തിമാഅ്

2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. **(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)**

ലജ്ന ഇമാഇല്ലാഹ് ഭാരത്

ദേശീയ ഇജ്തിമാഅ്

2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. **(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)**

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഭാരത്

ദേശീയ ഇജ്തിമാഅ്

2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്ക ണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ഖുദ്ദാം അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. **(സദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ,ഭാരത്)**

പേജ് 2 ൽ നിന്ന്

തുടർന്ന് മറ്റൊരു തിന്മയാണ് പര സ്ത്രീകളെ നോക്കൽ (ബദ്നസ്രി).

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: നിങ്ങൾ എന്റെ ബൈഅത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആരെയും തെറ്റായ കണ്ണോടെ നോക്കരുത്. പരസ്ത്രീകളെ ദുർദ്ദേശത്തോടെ നോക്കരുത്. ക്രിസ്ത്യാനികളുടെ അധ്യാപനങ്ങളിലെപ്പോലെ, കാമവികാരത്തോടെയല്ലാതെ സ്ത്രീകളെ നോക്കരുത് എന്നല്ല വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്; മറിച്ച്, കാമവികാരത്തോടെയോ അല്ലെങ്കിൽ കാമവികാരമില്ലാതെയോ പോലും അന്യരായ സ്ത്രീകളുടെ മുഖത്തേക്ക് നോക്കരുതെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അവരുടെ മൃദുഭാഷണങ്ങളോ, ചിന്തകളെ തെറ്റായ വഴിയിലേക്ക് നയിക്കുന്ന സംസാരങ്ങളോ കേൾക്കുകയും ചെയ്യരുത്. അങ്ങനെയയാൽ മാത്രമേ നിങ്ങൾക്ക് വീഴ്ചകളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ.

ഇന്നത്തെ സമൂഹത്തിൽ ഇത്തരം തിന്മകളാണ് നിലനിൽക്കുന്നത്; അതുകൊണ്ടാണ് ധാരാളം ആളുകൾ തിന്മകളിൽ അകപ്പെട്ടുപോവുകയും കുടുംബങ്ങൾ തകരുകയും ചെയ്യുന്നത്. ഇന്നത്തെ കാലത്ത് പുരോഗതി പ്രാപിച്ച രാജ്യങ്ങളിലെ വിദ്യാസമ്പന്നരായ സ്ത്രീകളിൽ പോലും ഈ അവബോധം ഉണ്ടായിട്ടുണ്ടെന്നും, ഞങ്ങളുടെ മാനത്തിന് സംരക്ഷണം നൽകാൻ ഏതെങ്കിലും നിയമം നിർമ്മിക്കണമെന്ന് അവരും മുറവിളി കൂട്ടുന്നുണ്ടെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. അതിനാൽ, ഈ തിന്മകൾക്കെതിരെ ജിഹാദ് ചെയ്യുക എന്നത് അഹ്മദികളുടെ കടമയാണ്.

പരിശുദ്ധരായി ജീവിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) അഞ്ച് കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്:

ഒന്നാമത്: അന്യരായ വ്യക്തികളുടെമേൽ നോട്ടം പതിപ്പിക്കുന്നതിൽ നിന്ന് നിങ്ങളുടെ കണ്ണുകളെ സംരക്ഷിക്കുക.

രണ്ടാമത്: അന്യരുടെ ശബ്ദങ്ങൾ കേൾക്കുന്നതിൽ നിന്ന് കാതുകളെ കാത്തുസൂക്ഷിക്കുക. അന്യരുമായി ബന്ധപ്പെട്ട കഥകൾ കേൾക്കരുത്.

മൂന്നാമത്: ദുർവൃത്തികൾ ഉടലെടുക്കാൻ സാധ്യതയുള്ള അത്തരം എല്ലാ സദസ്സുകളിൽ നിന്നും അവസരങ്ങളിൽ നിന്നും സ്വയം അകലം പാലിക്കുക.

നാലാമത്: (പഞ്ചമമായി): ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം, വിവാഹകാര്യത്തിൽ എന്തെങ്കിലും പ്രയാസങ്ങൾ നേരിടുകയാണെങ്കിൽ അവർ നോമ്പ് അനുഷ്ഠിക്കുക.

കുഴപ്പങ്ങളും അധർമ്മവും മറ്റൊരു തിന്മയാണ്.

ഹദ്റത്ത് മസിഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു: അധർമ്മങ്ങളും തിന്മകളും നടക്കുന്ന അത്തരം സദസ്സുകൾ നിങ്ങൾ എവിടെക്കണ്ടാലും അവിടെനിന്ന് എഴുന്നേറ്റുപോവുക.

ഗവൺമെന്റിനെതിരെയുള്ള കലാപങ്ങളിൽ നിന്നും വിട്ടുനിൽക്കണമെന്ന് അദ്ദഹം പറഞ്ഞിട്ടുണ്ട്.

അക്രമത്തിൽ നിന്ന് വിട്ടുനിൽക്കാനും ഉപദേശിച്ചിട്ടുണ്ട്.

തുടർന്ന്, ഫർള് നിസ്കാരങ്ങൾക്ക് പുറമെ തഹജ്ജുദിലേക്കും മറ്റ് സുന്നത്ത് നിസ്കാരങ്ങളിലേക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ) ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്.

ദാസൻ സുന്നത്ത് നിസ്കാരങ്ങളിലൂടെ തനിക്ക് ഏറ്റവും അടുപ്പമുള്ളവനായിത്തീരുന്നു, ഒടുവിൽ താൻ അവനെ സ്നേഹിക്കാൻ തുടങ്ങും എന്ന് അല്ലാഹു പറഞ്ഞതായി തിരുനബി(സ) പറയുന്നു.

അതുപോലെ,

തസ്ബീഹും തഹ്മീദും ചൊല്ലാനും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ സ്തുതിയോടെ (ഹംദ്) ആരംഭിക്കാത്ത ഏതൊരു പ്രധാന കാര്യവും അനുഗ്രഹശൂന്യമായിരിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

അതുപോലെ, നന്ദി പ്രകടിപ്പിക്കുന്നതിലേക്ക് അതീവ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

സ്വലാത്ത് ചൊല്ലുന്നത് നിങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമാക്കി മാറ്റുക. തന്റെമേൽ ആരെങ്കിലും ഒരു തവണ സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെമേൽ പത്ത് തവണ അനുഗ്രഹം വർഷിക്കുമെന്ന് തിരുനബി(സ) അരുളിയിട്ടുണ്ട്.

അതുപോലെ, തൗബയും ഇസ്തിഗ്ഫാറും വർദ്ധിപ്പിക്കേണ്ടത് വളരെ ആവശ്യമാണ്.

ആരെങ്കിലും തൗബയും ഇസ്തിഗ്ഫാറും ജീവിതത്തിൽ മുറുകെപ്പിടിച്ചാൽ, എല്ലാ പ്രയാസങ്ങളിൽ നിന്നും പുറത്തുകടക്കാനുള്ള വഴി അല്ലാഹു അവനായി ഒരുക്കിക്കൊടുക്കുമെന്നും, എല്ലാ വിഷമങ്ങളിൽ നിന്നും അവന് ആശ്വാസം നൽകുമെന്നും, അവൻ വിചാരിക്കാത്ത ദിക്കിൽ നിന്ന് അവന് ഉപജീവനം നൽകുമെന്നും തിരുനബി(സ) അരുളിയിട്ടുണ്ട്.

സൃഷ്ടികളോട് നല്ല നിലയിൽ പെരുമാറലും (ഹുസ്നു സുലൂക്) അത്യാവശ്യമാണ്.

ഹദ്റത്ത് മസിഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: നോക്കൂ! പരസ്പരം കടിച്ചു കീറുന്ന സമൂഹം യഥാർത്ഥ സമൂഹമാകാൻ സാധിക്കില്ല. നാലുപേർ ഒന്നിച്ച് ഇരിക്കുമ്പോൾ സ്വന്തം ദരിദ്രനായ സഹോദരനെ കുറ്റപ്പെടുത്തുകയും, പരദൂഷണം പറയുകയും, ബലഹീനരെയും പാവങ്ങളെയും പുച്ഛത്തോടും വെറുപ്പോടും കൂടി നോക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല.

ഇതുപോലുള്ള ചില കാര്യങ്ങളാണ് താൻ വിശദീകരിച്ചിട്ടുള്ളതെന്ന് ഹുദൂർ അൻവർ ഇദഹുള്ളാഹു തആല വ്യക്തമാക്കി.

നമ്മിൽ പരിശുദ്ധമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും, ബൈഅത്തിന്റെ അവകാശം പൂർണ്ണമായും നിറവേറ്റിക്കൊണ്ടും ഈ ബൈഅത്ത് വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, നാം നമ്മുടെ ഉള്ളിൽ ഒരു പരിശുദ്ധ സമൂഹം സൃഷ്ടിക്കുക മാത്രമല്ല ചെയ്യുന്നത്; മറിച്ച്, ഇസ്ലാമിന്റെ യഥാർത്ഥ സന്ദേശം ലോകത്തിലേക്ക് വ്യാപിപ്പിക്കാനും, മുസ്ലിമുകളിലും അല്ലാത്തവരിലും, എന്തിന് നിരീശ്വരവാദികളിലും ഇസ്ലാമിനെ എതിർക്കുന്നവരിൽ പോലും അത്തരം അധ്യാപനങ്ങൾ എത്തിക്കാനും നമുക്ക് സാധിക്കും. ലോകത്ത് ദൈവത്തിന്റെ ഭരണം സ്ഥാപിക്കുന്നതോടൊപ്പം ഉയർന്ന ധാർമ്മിക മൂല്യങ്ങളും വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്ന യഥാർത്ഥ ആളുകൾ അഹ്മദികൾ മാത്രമാണെന്ന് ഒരു ദിവസം അവരെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഒന്നായി അത് മാറും.

ഇന്നത്തെ കാലത്ത് ദൈവനാമം ലോകത്തുനിന്ന് തുടച്ചുനീക്കാനും ലോകത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കാനും ദജ്ജാലി ശക്തികൾ സർവ്വത്ര പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ, ബൈഅത്തിന്റെ അവകാശം വീട്ടിക്കൊണ്ടും, ജിഹാദ് ചെയ്തുകൊണ്ടും, അല്ലാഹുവിനോട് അവന്റെ അനുഗ്രഹം യാചിച്ചുകൊണ്ടും, ദജ്ജാലിന്റെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടും നമ്മുടെ പരമാവധി പരിശ്രമം ചെയ്യുക എന്നത് നമ്മുടെ വലിയൊരു ഉത്തരവാദിത്തമാണ്.

അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ.

ലോകമെമ്പാടുമുള്ള സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയും, മുസ്ലിമുകളുടെ നിലനിൽപ്പിനും സുരക്ഷയ്ക്കും വേണ്ടിയും പ്രാർത്ഥനകളിൽ നിങ്ങൾ പ്രാർത്ഥിക്കുക. ലോകത്ത് ഏകദൈവത്തിന്റെ ഭരണം സ്ഥാപിക്കുന്നതിലും സമാധാനവും സുരക്ഷയും വ്യാപിപ്പിക്കുന്നതിലും ഓരോ അഹ്മദിയും തന്റെ പങ്ക് നിർവഹിക്കുന്നവനായി തീരട്ടെയെന്ന് അല്ലാഹു അനുഗ്രഹിക്കട്ടെ.

പേജ് 1 ൽ നിന്ന്

ലഭിച്ചിട്ടുള്ളതെല്ലാം നിന്റെ മാർഗത്തിൽ മാത്രം വിനിയോഗിക്കപ്പെടുമാറാക്കേണമേ, നിന്റെ സ്നേഹത്തിൽ എന്നെ ജീവിപ്പിക്കേണമേ, നിന്റെ സ്നേഹത്തിൽ തന്നെ എന്നെ മരിപ്പിക്കേണമേ, നിന്റെ പൂർണ്ണമായ പ്രീതിയിലും പ്രസാദത്തിലും എന്നെ ഉയിർത്തെഴുന്നേൽപ്പിക്കേണമേ!

അല്ലയോ അർഹമുർറാഹിമീൻ! ഏതൊരു ദൗത്യത്തിന്റെ പ്രചാരണത്തിനായിട്ടാണോ നീ എന്നെ നിയോഗിച്ചിരിക്കുന്നത്, ഏത് സേവനത്തിനായിട്ടാണോ എന്റെ ഹൃദയത്തിൽ ആവേശം ഉണർത്തിയിരിക്കുന്നത്, അത് നിന്റെ അനുഗ്രഹത്താൽ തന്നെ പൂർത്തിയാക്കാൻ എനിക്ക് സാധിക്കേണമേ!

ഈ അശക്തനായ ദാസന്റെ കൈകളിലൂടെ ഇസ്ലാമിന്റെ സത്യത്തിനുള്ള തെളിവ് അതിന്റെ എതിരാളികൾക്കും ഇതുവരെ ഇസ്ലാമിന്റെ സൗന്ദര്യങ്ങളെക്കുറിച്ച് അറിവില്ലാത്ത എല്ലാവർക്കും മേൽ പൂർണ്ണമാക്കേണമേ!

ഈ അശക്തനായ ദാസനെയും, എന്റെ എല്ലാ സുഹൃത്തുക്കളെയും, ആത്മാർത്ഥരായവരെയും, ഒരേ ആത്മീയ മാർഗത്തിൽപ്പെട്ടവരെയും നിന്റെ മാപ്പിന്റെയും കരുണയുടെയും ദൃഷ്ടിയിൽ ഉൾപ്പെടുത്തി, നിന്റെ സംരക്ഷണത്തിന്റെ തണലിൽ നിലനിർത്തേണമേ. ദീനിലും ദുനിയാവിലും നീ തന്നെ അവരുടെ രക്ഷാധികാരിയും ഉത്തരവാദിത്തം ഏറ്റെടുക്കുന്നവനും ആകേണമേ!

എല്ലാവരെയും നിന്റെ ദാറുർറിളായിൽ (തൃപ്തിയുടെ ഗൃഹത്തിൽ) എത്തിക്കേണമേ.

നിന്റെ പ്രവാചകൻ മുഹമ്മദ് ﷺ ന്റെ കുടുംബത്തിനു മേലും സഹാബിമാർക്കു മേലും യഥേഷ്ടം അനുഗ്രഹാശിസുകളും സമാധാനവും വർഷിക്കേണമേ.ആമീൻ, യാ റബ്ബൽ ആലമീൻ! (മക്തൂബാത്ത് അഹ്മദ്, വാള്യം 3, പേജ് 27)

THE REVIEW OF RELIGIONS
www.reviewofreligions.org

പേജ് 1 ൽ നിന്ന്

ഹദീസ് :

യ്ക്ക്) പവിത്രത നൽകിയിട്ടുണ്ട്. അതിനാൽ അല്ലാഹുവിന്റെ പവിത്രതയാൽ ഇത് അന്ത്യനാൾ വരെ പവിത്രമാണ്. എനിക്ക് മുമ്പ് ഇവിടെ യുദ്ധം ചെയ്യാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല; മക്കാ വിജയ ദിവസം പകൽ സമയത്ത് അല്പ നേരത്തേക്ക് മാത്രമാണ് എനിക്ക് അതിന് അനുവാദം ലഭിച്ചത്. അതിനാൽ അല്ലാഹുവിന്റെ നിശ്ചയപ്രകാരം ഇത് അന്ത്യനാൾ വരെ പവിത്രമാണ്. ഇവിടുത്തെ മുൾച്ചെടികൾ വെട്ടാൻ പാടില്ല, ഇവിടുത്തെ വേട്ട മൃഗങ്ങളെ വിരട്ടാൻ പാടില്ല, പരസ്യപ്പെടുത്താൻ ഉദ്ദേശിക്കുന്നവനല്ലാതെ ഇവിടെ വീണുകിട്ടിയ വസ്തു ആരും എടുക്കാൻ പാടില്ല, ഇവിടുത്തെ പുല്ല് പിഴുതെടുക്കാനും പാടില്ല.' അപ്പോൾ അബ്ബാസ് (റ) പറഞ്ഞു: 'അല്ലാഹുവിന്റെ തിരുമേനിയേ! 'ഇദ്ഖിർ' (ഒരുതരം പുല്ല്) എന്നതിന്റെ കാര്യത്തിൽ ഇളവ് അനുവദിക്കണം. കാരണം അത് തൊഴിലാളികൾക്കും വീടുകൾക്കും ആവശ്യമുള്ളതാണ്.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'ഇദ്ഖിർ ഒഴികെ (ബാക്കി മറ്റുള്ളവ പാടില്ല).' (സ്വഹീഹുൽ ബുഖാരി, കിതാബു ജസാഇ സ്സൈദ്, ഹദീസ്: 1834)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂ സ്വബാഹ്

അധ്യായം : 2

അറേബ്യയും അറബികളും

പക്ഷികൾ/ഉരഗങ്ങൾ

പക്ഷികളുടെ കൂട്ടത്തിൽ സാധാരണ പക്ഷികളെ മാറ്റിനിർത്തിയാൽ, പ്രത്യേകം പരാമർശിക്കേണ്ടത് ഒട്ടകപ്പക്ഷിയെയാണ്. വളരെ വലുപ്പ മുള്ള ഈ പക്ഷിക്ക് നീണ്ട കാലുകളുണ്ട്. ഇതിന് വേഗത്തിൽ ഓടാൻ കഴിയും; അതിനാൽ കുതിരകൾക്ക് പോലും അതിന്റെ വേഗത്തോട് മ ത്സരിക്കുക പ്രയാസമാണ്.

ഇഴഞ്ഞുനീങ്ങുകയും പാമ്പുപോലെ ഇഴയുകയും ചെയ്യുന്ന ജീവിക ളുടെ കൂട്ടത്തിൽ, ഒരു പ്രത്യേകതരം ഓന്ത് ധാരാളമായി കാണപ്പെടു ന്നു. പാമ്പുകൾ തുടങ്ങിയവയും ഇവിടെ കാണപ്പെടുന്നു.

വെട്ടുക്കിളി ധാരാളമായി കാണപ്പെടുന്നു. അതിന്റെ മാംസം ഭക്ഷണമാ യി ഉപയോഗിക്കാറുണ്ട്. എന്നാൽ വലിയ കൂട്ടങ്ങളായി എത്തുന്ന വെട്ടു ക്കിളികൾ തോട്ടങ്ങൾക്കും കൃഷിവിളകൾക്കും മറ്റും കനത്ത നാശനഷ്ട ങ്ങൾ വരുത്തുന്നു.

തീരപ്രദേശങ്ങൾക്ക് സമീപം മത്സ്യങ്ങളും ധാരാളമായി കാണപ്പെടു ന്നു. ജനങ്ങൾ ഭക്ഷണത്തിനായി മത്സ്യം പിടിക്കുന്നു.

ധാതുസമ്പത്ത്

അറേബ്യയിലെ ധാതുസമ്പത്ത് വളരെ പരിമിതമാണ്. വിലയേറിയ തും വ്യാവസായികമായി പ്രയോജനപ്രദവുമായ ധാതുക്കളുടെയും ലോഹങ്ങളുടെയും കാര്യത്തിൽ അറേബ്യ ഏതാണ്ട് ശൂന്യമാണ്. കുറച്ച് ലെഡും ചെമ്പും, അതോടൊപ്പം വളരെ ചെറിയ അളവിൽ വെള്ളിയും ഇരുമ്പും ലഭിക്കുന്നു.

കൽക്കരി, ഗന്ധകം, ഉപ്പ് എന്നിവയും ലഭ്യമാണ്. ചില പ്രദേശങ്ങളിൽ സ്വർണവും കാണപ്പെടുന്നു. മിസ്റ്റർ ബർട്ടൺ എന്ന ഇംഗ്ലീഷുകാരനും സ്വർണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഒരു പര്യവേഷണം നട ത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ശ്രമം വിജയിച്ചില്ല.

ബഹ്റൈൻ പ്രദേശത്തെ കടൽത്തീരങ്ങളിൽ നിന്ന് മുത്തുകളും ശേഖ രിക്കപ്പെടുന്നു. ഇതിലൂടെ ഗണ്യമായ വ്യാപാരം നടക്കുന്നു. കൂടാതെ, ഇപ്പോൾ അറേബ്യയിൽ വിപുലമായ എണ്ണശേഖരങ്ങളുംകണ്ടെത്തിയി ട്ടുണ്ട്.

ഭൂപ്രദേശങ്ങൾ

ഭൂപ്രദേശികമായി അറേബ്യയെ പല ഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ട പ്രദേശങ്ങൾ താഴെ പറയുന്നവയാണ്:

1. ഹിജാസ്:

അറേബ്യയുടെ പടിഞ്ഞാറൻ തീരപ്രദേശത്തായി, ചെങ്കടലിന്റെ തീരത്തു കൂടി യമൻ മുതൽ സിറിയ വരെ വ്യാപിച്ചുകിടക്കുന്ന പ്ര ദേശത്തെയാണ് ഹിജാസ് എന്നു വിളിക്കുന്നത്. മക്ക, ത്വാഇഫ്, മദീന, ജിദ്ദ എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന നഗരങ്ങൾ. ഇസ്ലാമിന്റെ ആഗമനകാലത്ത്, അറബ്എമുസ്തഅ്രിബ പ്ല വിഭാഗത്തിൽപ്പെട്ട ബനൂ കിനാന, ഹുദൈൽ, ഹവാസിൻ ഗോത്രങ്ങളോടൊപ്പം ബനൂ ഖഹ്താനി ലെ അസ്ദ് പോലുള്ള ചില ഗോത്രങ്ങളും ഈ പ്രദേശത്ത് താമസിച്ചി രുന്നു.

ഹിജാസിന്റെ തെക്ക് ഭാഗത്ത്, ചിലരുടെ അഭിപ്രായത്തിൽ ഹിജാസി ന്റെ പരിധിയിൽ ഉൾപ്പെടുന്ന മറ്റൊരു പ്രസിദ്ധ പ്രദേശമുണ്ട്. അതിനെ തിഹാമ എന്നും വിളിക്കുന്നു. ഇതും ചെങ്കടലിന്റെ തീരത്താണ് സ്ഥി തിചെയ്യുന്നത്.

2. യമൻ:

അറേബ്യയുടെ തെക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന, സമൃ ദ്ധമായ പച്ചപ്പുള്ള പ്രദേശമാണ് യമൻ. പുരാതനകാലത്ത് ശക്തവും പരിഷ്കൃതവുമായ ഒരു ഭരണകൂടത്തിന്റെ കേന്ദ്രമായിരുന്നു ഇത്. ഇസ്ലാമിന്റെ ആഗമനത്തിന് മുമ്പ് അബിസീനിയയുടെ ഭരണത്തിൻ കീ ഴിലായിരുന്നു; ഇസ്ലാമിക കാലഘട്ടത്തിൽ പേർഷ്യയുടെ ഭരണത്തിൻ കീഴിലും വന്നു.

ഒരുകാലത്ത് സൻആ എന്ന വലിയ നഗരം പ്രസിദ്ധമായിരുന്നു. അത് യമനിലെ ഭരണകൂടത്തിന്റെ തലസ്ഥാനമായിരുന്നു. വിശുദ്ധ ഖുർആനി ൽ പരാമർശിച്ചിരിക്കുന്ന സബഅ് ജനത ഒരുകാലത്ത് ഇവിടെ തന്നെയാ ണ് താമസിച്ചിരുന്നത്.

ബനൂ ഖഹ്താന്റെ ജന്മദേശവും വാസസ്ഥലവും യമനായിരുന്നു. ഇവിടെനിന്നാണ് ബനൂ ഖഹ്താനിലെ വിവിധ ഗോത്രങ്ങൾ അറേബ്യ യുടെ വടക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിയത്. പിന്നീട് അൻസാർ എന്ന പേരിൽ അറിയപ്പെട്ട മദീനയിലെ ഔസ്, ഖസ്റജ് ഗോത്രങ്ങളും ഇവിടെനിന്ന് കുടിയേറിയവരിൽ ഉൾപ്പെട്ടിരുന്നു.

യമനുമായി ബന്ധപ്പെട്ട മറ്റൊരു പ്രദേശമാണ് നജ്റാൻ. ഇത് യമന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. ഇസ്ലാമിന്റെ ആഗമനകാലത്ത് ക്രിസ്ത്യാനികളുടെ പ്രധാന കേന്ദ്രമായിരുന്നു ഈ പ്രദേശം. വിശുദ്ധ ഖുർആനിൽ പരാമർശിച്ചിരിക്കുന്ന മുബാഹലയിലേക്ക് തിരുനബി ﷺ ക്ഷണിച്ചത് ഇവിടുത്തെ ആളുകളെയായിരുന്നു.

3. ഹദ്റമൗത് : അറേബ്യയുടെ തെക്കുഭാഗത്ത്, യമന്റെ കിഴക്കായി ഹ ദ്റമൗത് സ്ഥിതിചെയ്യുന്നു. ഹദ്റമൗത്തിന്റെ കിഴക്ക് മഹ്റ സ്ഥിതിചെയ്യു ന്നു. ഇവ രണ്ടും പ്രധാനപ്പെട്ട പ്രദേശങ്ങളാണ്.

4. ഒമാൻ : അറേബ്യയുടെ തെക്കുകിഴക്കായി ഒമാൻ സ്ഥിതിചെയ്യു ന്നു. അതിന്റെ തലസ്ഥാനമായ മസ്കത്ത് പ്രസിദ്ധമാണ്.

5. അൽഹിസാ : കിഴക്കുഭാഗത്ത്, പേർഷ്യൻ ഉൾക്കടലിന്റെ തീരത്താ യി അൽഹിസാ പ്രദേശം സ്ഥിതിചെയ്യുന്നു. ഇത് ബഹ്റൈൻ ദ്വീപുകൾ ക്ക് സമീപമാണ്. അതുകൊണ്ടുതന്നെ പല സന്ദർഭങ്ങളിലും അൽഹി സായെ ബഹ്റൈൻഎന്നും വിളിക്കാറുണ്ട്. ബഹ്റൈൻ തീരങ്ങളിൽനി ന്ന് മുത്തുകൾ ശേഖരിക്കപ്പെടുന്നു.

6. നജ്ദ് : അറേബ്യയുടെ മധ്യഭാഗത്താണ് നജ്ദ് സ്ഥിതിചെയ്യുന്നത്. വിശാലവും പ്രസിദ്ധവുമായ ഒരു പ്രദേശമാണിത്. നജ്ദ് പല ചെറിയ പ്രദേശങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവയിൽ ചിലത് അറേബ്യയിലെ പച്ചപ്പും ഫലഭൂയിഷ്ഠതയും നിറഞ്ഞ പ്രദേശങ്ങളായി കണക്കാക്കപ്പെട്ടി രുന്നു.

ഗതഫാൻ, സുലൈം തുടങ്ങിയ ഗോത്രങ്ങൾ ഇവിടെ താമസിച്ചിരു ന്നു. നജ്ദിന്റെ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന യമാമ ബനൂ ഹനീ ഫയുടെ വാസസ്ഥലമായിരുന്നു. മുസൈലിമ കദ്ദാബ് ഈ ഗോത്രത്തി ൽപ്പെട്ടവനായിരുന്നു.

7. അൽഅഹ്ഖാഫ് : യമാമയ്ക്കും ഹദ്റമൗത്തിനും ഇടയിൽ സ്ഥി തിചെയ്യുന്ന പ്രസിദ്ധമായ ഒരു പ്രദേശമാണ് അൽഅഹ്ഖാഫ്. ഹൂദ് നബി(അ) അയക്കപ്പെട്ട ആദ് ജനതയുടെ വാസസ്ഥലവും ഇതായി രുന്നു. എന്നാൽ ഇന്ന് ഈ പ്രദേശം പൂർണമായും ഉപേക്ഷിക്കപ്പെട്ടതും ജനവാസമില്ലാത്തതുമാണ്.

8. ഖൈബർ : ഹിജാസിനോട് ചേർന്ന്, നജ്ദിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ചെറിയൊരു പ്രദേശമാണ് ഖൈബർ. ഒരു കാലത്ത് ഇത് യഹൂദരുടെ പ്രധാന കേന്ദ്രമായിരുന്നു. ഇവിടെ നിരവധി കോട്ടകൾ നിർമ്മിച്ച് ഈ പ്രദേശം സുരക്ഷിതമാക്കിയിരുന്നു.

ഖൈബറിന്റെ വടക്കുകിഴക്കായി യഹൂദരുടെ മറ്റൊരു പ്രധാന കേന്ദ്ര മായ തൈമാ സ്ഥിതിചെയ്തിരുന്നു. തൈമയ്ക്ക് സമീപത്തായി ഹിജ്ർ എന്നൊരു വാസസ്ഥലമുണ്ടായിരുന്നു. ഇത് സമൂദ് ജനതയുടെ ഗ്രാമമാ യിരുന്നു. ഇവരിലേക്കാണ് സ്വാലിഹ് നബി(അ) അയക്കപ്പെട്ടത്.

ഹിജ്റിന്റെ പടിഞ്ഞാറുഭാഗത്ത്, കടൽത്തീരത്തേക്കുള്ള പ്രദേശത്ത് ഒരുകാലത്ത് മദ്യൻ സ്ഥിതിചെയ്തിരുന്നു. പ്രവാചകത്വം ലഭിക്കുന്നതി ന് മുമ്പ് മൂസാ നബി(അ), ശുഐബ് നബി(അ)യെ സന്ദർശിക്കുകയും അവിടെ കുറച്ചുകാലം താമസിക്കുകയും ചെയ്തിരുന്നു.

• ഹദീഥുന്നബ്വി •

"ബഅ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-11
Issue:42

POSTAL REG NO GDP-44/2026-28 **Thursday 15 October 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

ANNUAL SUBSCRIPTION : Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം. എ(റ)

സീറത്തുൽ മഹ്ദി(അ)

വിവ: എ. നാസിർ

രണ്ടാം വിവാഹം

ഞങ്ങളുടെ മാതാവ് ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് പഞ്ഞു: തന്റെ രണ്ടാമത്തെ വിവാഹം ഡൽഹിയിൽ വെച്ചായിരിക്കുമെന്ന് ഹദ്റത്ത് സാഹിബിന് അറിവ് ലഭിച്ചിരുന്നു. അതിനാൽ അദ്ദേഹം ഇതു സംബന്ധിച്ച് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയോട് സംസാരിച്ചു. അക്കാലത്ത് അദ്ദേഹത്തിന്റെ കൈവശം അഹ്ലെ ഹദീസ് കുടുംബങ്ങളിലെ പെൺകുട്ടികളുടെ പട്ടിക ഉണ്ടായിരുന്നു. എന്റെ പിതാവായ മിർ സാഹിബും അഹ്ലെ ഹദീസ് വിഭാഗത്തിൽപ്പെട്ട ആളായിരുന്നതിനാൽ അദ്ദേഹവുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ഹദ്റത്ത് സാഹിബിന്റെ മുമ്പാകെ മിർ സാഹിബിന്റെ പേര് നിർദേശിച്ചു. ഹദ്റത്ത് സാഹിബ് മിർ സാഹിബിന് കത്തെഴുതി. തുടക്കത്തിൽ പ്രായവ്യത്യാസം കണക്കിലെടുത്ത് മിർ സാഹിബ് ഈ നിർദേശം ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ അവസാനം അദ്ദേഹം സമ്മതിച്ചു. തുടർന്ന് ഹദ്റത്ത് സാഹിബ് എന്നെ വിവാഹം ചെയ്യുന്നതിനായി ഡൽഹിയിലേക്ക് വന്നു. അദ്ദേഹത്തോടൊപ്പം ശൈഖ് ഹാമിദ് അലി, ലാലാ മുലാവം എന്നിവരും ഉണ്ടായിരുന്നു. നിക്കാഹ് നടത്തിയത് മൗലവി നസീർ ഹുസൈൻ ആയിരുന്നു. ഇത് 1302 ഹിജ്റി മുഹറം 27ാം തീയതി, തിങ്കളാഴ്ച നടന്ന സംഭവമാണ്. അന്ന് എനിക്ക് പതിനെട്ട് വയസ്സായിരുന്നു. നിക്കാഹിന് ശേഷം ഹദ്റത്ത് സാഹിബ് മൗലവി നസീർ ഹുസൈന് അഞ്ച് രൂപയും ഒരു മുസല്ലയും ഉപഹാരമായി നൽകി.

(ലേഖകൻ: അന്ന് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന് ഏകദേശം അമ്പത് വയസ്സുണ്ടായിരുന്നിരിക്കണം.)

എന്റെ തായാ (പിതാവിന്റെ മൂത്ത സഹോദരൻ) തന്റെ വിവാഹത്തിന് ഒന്നര, രണ്ട് വർഷം മുമ്പ് തന്നെ മരണപ്പെട്ടിരുന്നുവെന്ന് മാതാവ് പറഞ്ഞു. (തായാ സാഹിബ് 1883ലാണ് മരണപ്പെട്ടത്. അത് 'ബറാഹീനെ അഹ്മദിയ്യ'യുടെ രചനയുടെ അവസാന കാലഘട്ടമായിരുന്നു. മാതാവിന്റെ വിവാഹം 1884 നവംബറിലായിരുന്നു.)

മാതാവിൽ നിന്ന് എനിക്ക് അറിയാൻ കഴിഞ്ഞത്, വിവാഹ ദിനമായി ആദ്യം ഞായറാഴ്ച നിശ്ചയിച്ചിരുന്നുവെങ്കിലും ഹദ്റത്ത് സാഹിബ് ആവശ്യപ്പെട്ടതിനെ തുടർന്ന് അത് തിങ്കളാഴ്ചയായി മാറ്റുകയായിരുന്നു എന്നതാണ്.

മഴക്കു വേണ്ടിയുള്ള സമസ്കാരം

ഖാദി അമീർ ഹുസൈൻ സാഹിബ് ഞങ്ങളോട് വിവരിച്ചു: "ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കാലം അതിശയകരമായിരുന്നു. ഖാദിയാനിൽ രണ്ട് ദിവസം തുടർച്ചയായി ചൂട് അനുഭവപ്പെടാറില്ലായിരുന്നു; മൂന്നാം ദിവസം മഴ പെയ്യും. ചൂട് കൂടുതലായപ്പോൾ ഞങ്ങൾ ഹദ്റത്ത് സാഹിബിനോട്, 'ഹുസൂർ, വളരെ ചൂടാണ്' എന്ന് പറയും. അടുത്ത ദിവസം തന്നെ മഴ പെയ്യുമായിരുന്നു."

അതുപോലെ മൗലവി സയ്യിദ് സർവർ ഷാ സാഹിബും വിവരിച്ചു: "അക്കാലത്ത് വിളകളെക്കുറിച്ചും ഒരിക്കലും പരാതിയുണ്ടായിരുന്നില്ല." വീട്ടിലെത്തിയ ശേഷം ഞാൻ ഈ കാര്യം മാതാവിനോട് പറഞ്ഞു. അവർ പറഞ്ഞു:"ഹദ്റത്ത് സാഹിബ് 'ഇന്ന് വളരെ ചൂടാണ്' എന്ന് പറയുമ്പോൾ സാധാരണയായി അന്നുതന്നെയോ അടുത്ത ദിവസമോ മഴ പെയ്യുമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ശേഷം മാസങ്ങളോളം തീപോലെ ചൂട് അനുഭവപ്പെടുകയും മഴയില്ലാതിരിക്കുകയും ചെയ്യുന്നു."

(ലേഖകൻ: ഹദ്റത്ത് സാഹിബിന്റെ കാലത്ത് ഖാദിയാനിൽ ഒരിക്കലും 'നമാസെ ഇസ്തിസ്ഖാ' (മഴയ്ക്ക് വേണ്ടി നടത്തുന്ന പ്രത്യേക നമസ്കാരം) നിർവഹിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിന് ശേഷം പലതവണ അത് നിർവഹിക്കേണ്ടിവന്നിട്ടുണ്ട്.)

കുറിപ്പ്: ഈ വിവരണവുമായി ബന്ധപ്പെട്ട് ഒരു കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ കാലത്ത് ഖാദിയാനിൽ ഒരിക്കലും 'നമാസെ ഇസ്തിസ്ഖാ' (മഴക്കു വേണ്ടിയുള്ള സമസ്കാരം) നടന്നിട്ടില്ലെന്ന എന്റെ ധാരണ ശരിയല്ലെന്ന് പിന്നീട് വ്യക്തമായി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് അ ലൈഹിസ്സലാമിന്റെ കാലത്ത് ഖാദിയാനിൽ പൊതുവെ വളരെക്കാലം തുടർച്ചയായി അതിശക്തമായ ചൂട് അനുഭവപ്പെട്ടിരുന്നില്ലെന്ന ധാരണ ഏതായാലും ശരിയാണ്.

പ്രഭാത/സായാഹ്ന നടത്തം

രാവിലെ പുറത്ത് നടക്കാൻ പോകുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ഒരു ശീലമായിരുന്നു. ഖാദിമീങ്ങളും (സേവകർ) അദ്ദേഹത്തോടൊപ്പം പോകുമായിരുന്നു. അവർ ഒന്നോ രണ്ടോ മൈൽ വരെ നടക്കുമായിരുന്നു. അദ്ദേ ഹത്തിന്റെ ശീലം വളരെ വേഗത്തിൽ നടക്കുക എന്നതായിരുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ നടത്തത്തിൽ പൂർണ്ണമായ ഗാംഭീര്യവും മാന്യതയും ഉണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് നടക്കാൻ പോ കുമ്പോൾ ഹദ്റത്ത് മൗലവി സാഹിബിനെയും – ഖലീഫതുൽ അവ്വൽ– കൂടെ വരാൻ വിളിക്കാറുായിരുന്നു. എന്നാൽ മൗലവി സാഹിബ് വളരെ പതുക്കെയും ഇടയ്ക്കിടെ നിന്നും നടക്കുന്നതിനാൽ കുറച്ച് ദൂരം കഴിഞ്ഞാൽ അദ്ദേഹം ഹദ്റത്ത് സാഹിബിൽ നിന്ന് പിന്നിലാകുമായിരുന്നു.

ഹദ്റത്ത് സാഹിബ്, മൗലവി സാഹിബ് പിന്നിലാണെന്ന് മനസ്സിലായാൽ, അദ്ദേഹത്തെ കാത്ത് റോഡിൽ കുറച്ചുനേരം നിൽക്കും. എന്നാൽ മൗലവി സാഹിബ് വീണ്ടും കുറച്ച് ദൂരം നടന്നാൽ പിന്നിലാകുമായിരുന്നു. അപ്പോൾ രണ്ടോ മൂന്നോ പേർ മൗലവി സാഹിബിനോടൊപ്പം നടക്കുകയും ചെയ്യും.

ഹദ്റത്ത് സാഹിബ് നടക്കാൻ പോകുമ്പോൾ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനെയും കൂടെ കൊണ്ടുപോകുന്നതായി ഞാൻ പലതവണ കണ്ടിട്ടുണ്ട്. ചിലപ്പോൾ ഹദ്റത്ത് സാഹിബ് സ്വന്തം വീട്ടിൽ നിന്ന് പുറത്തുവന്ന് നാൽക്കവലയിൽ ഖാദിമീങ്ങളോടൊപ്പം നവാബ് സാഹിബിനെ കാത്ത് നില്ക്കും. ചില അവസരങ്ങളിൽ നവാബ് സാഹിബ് വരാൻ വൈകിയാൽ, ഹദ്റത്ത് സാഹിബ് അദ്ദേഹത്തിന്റെ വാതിലിന് മുന്നിലുള്ള നാൽക്കവലയിൽ കാത്ത് നിൽക്കുകയും പിന്നീട് അദ്ദേഹത്തെ കൂട്ടിക്കൊണ്ട് പോകുകയും ചെയ്യും.

നടത്തത്തിനിടെ ഹദ്റത്ത് സാഹിബ് തന്റെ ഖാദിമീങ്ങളുമായി സംസാരിക്കാറുണ്ടായിരുന്നു. അത് പലപ്പോഴും പ്രസംഗരൂപം പ്രാപിക്കുകയും ചെയ്യും. എഴുത്തുകാർ അത്ത് കുറിച്ചെടുക്കാറുമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം സാധാരണയായി നടക്കാൻ ബസ്റാവാൻ വഴിയോ ബോട്ടർ വഴിയോ പോകാറുണ്ടായിരുന്നു. ചിലപ്പോൾ സ്വന്തം തോട്ടത്തിലേക്കും പോകുമായിരുന്നു. അവിടെനിന്ന് മൾബറി, ഹനാർ തുടങ്ങിയ പഴങ്ങൾ പറിപ്പിച്ച് ഖാദിമീങ്ങളുടെ മുന്നിൽ വെച്ചുകൊടുക്കുമായിരുന്നു. അദ്ദേഹം സ്വയം അവ കഴിക്കുകയും ചെയ്യും.

നടത്തത്തിനിടെ ചിലപ്പോൾ ആരുടെയെങ്കിലും കാൽ തട്ടി ഹദ്റത്ത് സാഹിബിന്റെ വടി കൈയിൽ നിന്ന് താഴെ വീഴാറുണ്ടായിരുന്നു. അപ്പോഴും അത് ആരുടെ കാൽ കൊണ്ടാണ് വീണതെന്ന് അറിയാൻ അദ്ദേഹം ഒരിക്കലും തിരിഞ്ഞുനോക്കാറില്ലായിരുന്നു.

ജൽസകൾ തുടങ്ങിയ അവസരങ്ങളിൽ നടക്കാൻ പോകുമ്പോൾ വളരെയധികം ആളുകൾ ഹദ്റത്ത് സാഹിബിനോടൊപ്പം ചേരാറുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന് അസൗകര്യം ഉണ്ടാകാതിരിക്കാനായി ചില ഖാദിമീങ്ങൾ സ്വമേധയാ പരസ്പരം കൈചേർത്തു പിടിച്ച് ഹദ്റത്ത് സാഹിബിന്റെ മൂന്ന് വശങ്ങളിലും ഒരു രക്ഷാ കവചം രൂപപ്പെടുത്തുമായിരുന്നു. ഹദ്റത്ത് സാഹിബിന്റെ ജീവിതകാലത്ത് നടന്ന അവസാന ജൽസയിൽ, അദ്ദേഹം ഖാദിയാന്റെ വടക്ക് ഭാഗത്തുള്ള ബൂട്ടറിലേക്ക് പുറപ്പെട്ടപ്പോൾ നടക്കാൻ പോലും ബുദ്ധിമുട്ടാകുന്നയത്രയധികം ആളുകൾ അദ്ദേഹത്തോടൊപ്പം ചേർന്നു. അതിനാൽ കുറച്ചുദൂരം പോയ ശേഷം തിരിച്ചു വന്നു.

131 ാമത് ജൽസ സാലാന ഖാദിയാൻ

2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികൾ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

(നാസിർ, ഇസ്ലാഹ് ഇർശാദ്, മർക്കസിയ ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin